# UDAYADEEPA



VOL. XVII ISSUE-5
MAY-2025 BELTHANGADY

# Condolences & Prayers



**Pope Francis**
**(17.12.1936 - 21.04.2025)**

With Prayer

**Bishop Lawrence Mukkuzhy**
**Priests, Religious & All the Faithful**
**Diocese of Belthangady**

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

TO LOVE AND TO SERVE

Vol. XVII Issue-05 May - 2025 Page- 52

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439

# CONTENTS

| | | |
|---|---|---|
| 01. | Circular Letter : Major Arch Bishop | 05 |
| 02. | Circular Letter : 5/2024 | 07 |
| 03. | Pastoral Letter : 4/2024 | 08 |
| 04. | Circular Letter : 6/2024 | 13 |
| 05. | Circular Letter : Apostolic Nuncio | 16 |
| 06. | Circular Letter : Major arch bishop | 17 |
| 07. | Circular Letter : Major arch bishop | 18 |
| 08. | Christ Jubilee | 19 |
| 09. | Notifications from the Chancellery | 20 |
| 10. | Seminary News | 23 |
| 11. | Catechism Department News | 25 |
| 12. | Bible Apostolate | 30 |
| 13. | St. Vincent De Paul Society : News | 35 |
| 14. | Social Service Department | 36 |
| 15. | Photo Gallery | 39 |
| 16. | Bishop's Diary | 48 |
| 17. | Bishop's Engagements | 51 |

**Mar Raphael Thattil**
Major Archbishop of the Syro-Malabar Church

Prot. No. 0337/2025 21.04.2025

## ആദരാഞ്ജലി

## കരുണയുടെ കാർമികനും കാവൽക്കാരനുമായ ഫ്രാൻസിസ് മാർപാപ്പ

കരുണയുടെ കാർമികനും കാവൽക്കാരനുമായ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആകസ്മികമായ വിയോഗം കത്തോലിക്കാസഭയെയും ആഗോളപൊതുസമൂഹത്തെയും ദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്. ആരോഗ്യപരമായ ബുദ്ധിമുട്ടുകളാൽ റോമിലെ ജമെല്ലി ആശുപത്രിയിൽ ചികിത്സയിലായിരുന്ന പരിശുദ്ധ പിതാവ് അനേകം പേരുടെ പ്രാർഥനയാൽ സുഖം പ്രാപിക്കുകയും വത്തിക്കാനിൽ തിരിച്ചെത്തി പൊതുസമൂഹത്തെ കാണുകയും വീണ്ടും സഭാശുശ്രൂഷകളിൽ കർമനിരതനാവുകയും ചെയ്യുന്ന കാഴ്ച നാം കണ്ടു.

കത്തോലിക്കാസഭയുടെ ചരിത്രത്തിൽ 1300 വർഷങ്ങൾക്കുശേഷമാണ് യൂറോപ്പിനു പുറത്തുനിന്ന് ഒരു മാർപാപ്പ വരുന്നത്. തന്റെ സ്വതസിദ്ധമായ ലാളിത്യവും പാവങ്ങളോടുള്ള കരുതലുംമൂലം പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ലോകശ്രദ്ധപിടിച്ചുപറ്റി. എപ്പോഴും പുഞ്ചിരിക്കുന്ന മുഖവുമായി കണ്ടുമുട്ടുന്നവർക്ക് പ്രത്യാശയുടെ തിരിനാളം പകർന്നുനല്കിയ പരിശുദ്ധപിതാവിന്റെ വേർപാട് വേദന ഉളവാക്കുന്നതാണ്. ക്രൈസ്തവവിശ്വാസത്തിന്റെയും അജപാലനനേതൃത്വത്തിന്റെയും ഉന്നതമായ സാക്ഷ്യം നല്കി കർത്താവ് ഒരുക്കിയിരിക്കുന്ന നിത്യസൗഭാഗ്യത്തിലേക്ക് കടന്നുപോയ ഫ്രാൻസിസ് മാർപാപ്പയെ ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർഥിക്കാം.

ഈശോസഭയിലെ അംഗമായ പരിശുദ്ധ പിതാവ് 2013-ൽ ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പയുടെ പിൻഗാമിയായി സ്ഥാനമേറ്റെടുത്തപ്പോൾ പാവങ്ങളുടെ വിശുദ്ധനായ അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ പേര് സ്വീകരിച്ചത് എല്ലാവരെയും അത്ഭുതപ്പെടുത്തിയിരുന്നു. തുടക്കം മുതലേ വി. ഫ്രാൻസിസ് അസ്സീസിയുടെ ചൈതന്യം പേറുന്ന പ്രവർത്തനങ്ങളായിരുന്നു പരിശുദ്ധ പിതാവ് കാഴ്ചവച്ചത്. മാർപാപ്പയുടെ ഔദ്യോഗിക വസതി വേണ്ടെന്നുവെച്ച് 'സാന്താമാർത്ത'യിലേക്ക് താമസം മാറിയതും സമൂഹത്തിലെ പാവപ്പെട്ടവരോടും പാർശ്വവത്ക്കരിക്കപ്പെട്ടവരോടും അഭയാർത്ഥികളോടും പരിശുദ്ധ പിതാവ് കാണിച്ച കരുതലും ലോകശ്രദ്ധ ആകർഷിച്ചു.

പൗരസ്ത്യസഭകളോട് പ്രത്യേകമായ സ്നേഹവും അടുപ്പവും ഫ്രാൻസിസ് മാർപാപ്പ കാത്തുസൂക്ഷിച്ചിരുന്നു. സീറോമലബാർസഭയ്ക്ക് ഭാരതം മുഴുവനിലും അജപാലനാധികാരം നല്കിയതും ഗൾഫ് രാജ്യങ്ങളിൽ കുടിയേറിപാർത്ത സീറോമലബാർ വിശ്വാസികളുടെ അജപാലനശുശ്രൂഷ സീറോമലബാർസഭയെ ഏല്പിക്കാൻ സുപ്രധാന നിർദേശം നല്കിയതും പരിശുദ്ധ പിതാവിന്റെ നമ്മുടെ സഭയോടുള്ള കരുതലിന്റെ ഉദാഹരണങ്ങളാണ്. ആരാധനക്രമവിഷയവുമായി നമ്മുടെ സഭയിൽ രൂപപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരംകാണാൻ അസാധാരണമായ രീതിയിൽ ഇടപെട്ട പരിശുദ്ധപിതാവു നമ്മുടെ സഭയെ തന്റെ ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു എന്ന് നമുക്കുറപ്പാണ്.

2025-ൽ കത്തോലിക്കാസഭ മനുഷ്യാവതാരത്തിന്റെ മഹാജൂബിലി വർഷമായി ആചരിക്കുന്ന വേളയിൽ പ്രത്യാശയുടെ തീർഥാടകരാകാൻ നമ്മെ ഉദ്ബോധിപ്പിച്ചുകൊണ്ട് പ്രത്യാശയുടെ കവാടമായ സ്വർഗ്ഗരാജ്യത്തിലേക്ക് കടന്നുപോയ പരിശുദ്ധ പിതാവിനെ ഓർത്തു നമുക്കു നന്ദിയുള്ളവരാകാം. ഫ്രാൻസിസ് മാർപാപ്പയുടെ ജീവിതത്തിൽ വിളങ്ങിയിരുന്ന നന്മയുടെ നല്ല മൂല്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാം. കത്തോലിക്കാസഭയ്ക്ക് ധീരമായ നേതൃത്വം നല്കിയ പരിശുദ്ധ പിതാവിനെ ഓർത്തു ദൈവത്തിനു നന്ദിപറയാം. ഫ്രാൻസിസ് മാർപാപ്പ

Syro-Malabar Major Archiepiscopal Curia | Mount St. Thomas, P.B. No. 3110, Kakkanad P.O., Kochi - 682030, Kerala, India | Tel: 0484-2428271 | Email: majorarchbishop@ Website: www.syromalaba

യുടെ നിര്യാണത്തിൽ സീറോമലബാർസഭയുടെ ദുഃഖവും വേദനയും അറിയിക്കുന്നു. സ്വർഗ ത്തിലിരുന്നു മാർപാപ്പ നമുക്കുവേണ്ടി പ്രാർഥിക്കുമെന്നതിൽ സംശയമില്ല. കരുണയുടെയും പ്രത്യാശയുടെയും ആൾരൂപമായിരുന്ന ഫ്രാൻസിസ് മാർപാപ്പയെ കാരുണ്യവാനായ ദൈവം തന്റെ വിശുദ്ധരുടെ ഗണത്തിൽ ചേർക്കുമാറാകട്ടെ!

✠ റാഫേൽ തട്ടിൽ
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

Circular No. 05/ 2025

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

നമ്മുടെ രൂപതയിൽ തിരുനാളുകളോട് അനുബന്ധിച്ചും അല്ലാതെയും പല വ്യക്തികളിൽ നിന്നും നൊവേന നിയോഗം പല നിരക്കിൽ ഒരുമിച്ചു വാങ്ങുകയും, അവരുടെ എല്ലാവരുടെയും നിയോഗങ്ങൾക്ക് വേണ്ടി ഒരു വി.കുർബാനയും ഒരു നൊവേനയും മാത്രം ചൊല്ലുകയും ബാക്കിയുള്ള തുക മുഴുവനും പളളിക്ക് എടുക്കുന്നതായും അറിയുന്നു. ഓരോ വ്യക്തികളും ഓരോ നിയോഗങ്ങളാണ് തരുന്നത്; അവർക്കെല്ലാവർക്കുമായി ഒരു വി.കുർബാനയും ഒരു നൊവേനയും മാത്രം ചൊല്ലിയാൽ പോരാ. അതുകൊണ്ട് ഇനിമുതൽ ഈ താഴെപ്പറയുന്ന വിധത്തിൽ നൊവേന കുർബാന നിജപ്പെടുത്തിയിരിക്കുന്നു:

1. നൊവേന എത്ര ആളുകളിൽ നിന്നും വാങ്ങാവുന്നതാണ്. അവർക്ക് റസീത് നൽകണം.
2. ഒരു നൊവേനക്ക് 500.00 (അഞ്ഞൂറ്) രൂപയിൽ കൂടുതൽ വാങ്ങാൻ പാടില്ല. എത്ര തുക വേണമെന്ന് ഓരോ പളളിയിലും തീരുമാനിക്കാവുന്നതാണ്.
3. വാങ്ങുന്ന ഓരോ നിയോഗത്തിനും ഓരോ വി. കുർബാന വച്ച് അർപ്പിക്കേണ്ടതാണ്. അവ ആ ഇടവകയിൽ ചൊല്ലുവാൻ സാധിക്കാതെ വന്നാൽ ബാക്കി നിയോഗങ്ങൾ വി. കുർബാന അർപ്പിക്കാനായി രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.
4. ഓരോ വി. കുർബാന അർപ്പിച്ചതിനു ശേഷം ബാക്കി വരുന്ന തുക മുഴുവനും അതാത് പളളികൾക്ക് എടുക്കാവുന്നതാണ്.

ഇനി മുതൽ ഈ മേൽപ്പറഞ്ഞ വിധത്തിൽ നമ്മുടെ രൂപതയിലെ എല്ലാ പളളികളിലും നൊവേന കുർബാന ക്രമപ്പെടുത്തേണ്ടതാണ്.

ബെൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി

01-05-2025 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ സർക്കുലർ 11-05-2025ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

Pastoral Letter No. 02/ 2025

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും
സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

''സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു:സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം''(വെളി.12:1).

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

മെയ് മാസം പരിശുദ്ധ മറിയത്തിന്റെ പ്രത്യേക ഭക്തിക്കുള്ള മാസമായി സഭ ആചരിക്കുന്നു. കത്തോലിക്ക ആധ്യാത്മിക ജീവിതത്തിലും രക്ഷാകര പദ്ധതിയിലും പരിശുദ്ധ മറിയത്തിന് അദ്വിതീയമായ സ്ഥാനം ഉള്ളതുകൊണ്ട് തിരുസഭ പരിശുദ്ധ മറിയത്തെ ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

മെയ് മാസം പരിശുദ്ധ മറിയത്തിന് പ്രതിഷ്ഠിച്ചിരിക്കുന്ന മാസമാണ്. മധ്യയുഗം മുതൽ ഈ പാരമ്പര്യം തുടരുന്നതായി കാണാൻ സാധിക്കും. പുതു മഴ പെയ്തതിനുശേഷം ഭൂമിയിൽ പുതിയ ചെടികളും തളിരുകളും പൂക്കളുമൊക്കെ പ്രത്യക്ഷപ്പെടുന്ന സമയമാണല്ലോ മെയ് മാസം. ഇതിനു സമാനമായി പരിശുദ്ധ കന്യകാമറിയം മനുഷ്യചരിത്രത്തിൽ പുതുമഴയും ഉല്ലാസവും കൊണ്ടുവന്നവളാണ്. അതുകൊണ്ടാണ് മെയ് മാസത്തെ മറിയത്തിന് പ്രതിഷ്ഠിച്ചിരിക്കുന്നത്. പതിനെട്ടാം നൂറ്റാണ്ടിൽ ഇത് സഭ അംഗീകരിച്ചു. പത്തൊമ്പതാം നൂറ്റാണ്ട് മുതൽ മാർപാപ്പമാർ ഇതിനെ പിന്താങ്ങി. പുണ്യശ്ലോകരായ മാർപാപ്പ

മാരായ ഒമ്പതാം പിയൂസ്, പതിമൂന്നാം ലെയൊ, പന്ത്രണ്ടാം പീയൂസ്, പോൾ ആറാമൻ എന്നിവർ മാതാവിന്റെ മെയ് മാസ വണക്കത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് എഴുതിയിട്ടുണ്ട്. ഈ മെയ് മാസത്തിൽ നമുക്ക് കൂടുതൽ മരിയ ഭക്തിയിൽ വളരാം.

പരിശുദ്ധ കന്യകാമറിയം വിശുദ്ധ ഗ്രന്ഥത്തിലും കത്തോലിക്കാ സഭയുടെ ആരാധന ക്രമത്തിലും മറ്റു പ്രാർത്ഥനകളിലും കലാരൂപങ്ങളിലും ഏറെ പ്രസക്തി നേടിയിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സുനഹദോസ് പരിശുദ്ധ മറിയത്തെക്കുറിച്ച് ഗൗരവമായ പഠനം നൽകുന്നുണ്ട്.

പരിശുദ്ധ കന്യകാമറിയത്തെ പരിശുദ്ധ ത്രിത്വത്തോട് ബന്ധപ്പെടുത്തിയാണ് നാം മനസ്സിലാക്കേണ്ടത്. സ്വർഗ്ഗ പിതാവിന്റെ മകളും പുത്രൻ തമ്പുരാന്റെ മാതാവും പരിശുദ്ധാത്മാവിന്റെ മണവാട്ടിയുമാണ് പരിശുദ്ധ കന്യകാമറിയം. പരിശുദ്ധ കന്യകാമറിയം പരിശുദ്ധ ത്രിത്വത്തിലെ ആളല്ല. എങ്കിലും ദൈവത്തിന്റെ മാതൃസ്നേഹം നാം മറിയത്തിലൂടെയാണ് അനുഭവിക്കുന്നത്. പരിശുദ്ധ കന്യകാമറിയം വിശ്വാസം, ശരണം, ഉപവി എന്നീ പുണ്യങ്ങളിലൂടെ പരിശുദ്ധ ത്രിത്വവുമായി അത്ര മാത്രം ഐക്യപ്പെട്ടവളാണ്.

പരിശുദ്ധ കന്യകാമറിയത്തെ സംബന്ധിച്ച് കത്തോലിക്കാ സഭയ്ക്ക് നാല് വിശ്വാസ സത്യങ്ങളാണ് നമ്മളോട് പറയുന്നത്.

പരിശുദ്ധ കന്യകാമറിയം: 1. അമലോത്ഭവയാണ്.
2. ദൈവമാതാവാണ്.
3. നിത്യകന്യകയാണ്.
4. സ്വർഗ്ഗാരോപിതയാണ്.

**1. പരിശുദ്ധ കന്യകാമറിയം അമലോത്ഭവയാണ്:**

"ദൈവത്താൽ കൃപാവരംകൊണ്ട് നിറയ്ക്കപ്പെട്ട മറിയം അവളുടെ ഉത്ഭവ നിമിഷം മുതൽതന്നെ രക്ഷിക്കപ്പെട്ടവൾ ആണെന്ന് നൂറ്റാണ്ടുകളിലൂടെ സഭ ബോധവതിയായി" (CCC 491). മറിയത്തെ അമലോത്ഭവയായി പ്രഖ്യാപിച്ചുകൊണ്ട് 1854ൽ ഒമ്പതാം പീയൂസ് മാർപാപ്പ ഇങ്ങനെയാണ് എഴുതിയത്: "അനന്യമായ ദൈവകൃപയാലും സർവശക്തനായ ദൈവത്തിന്റെ ആനുകൂല്യത്താലും മനുഷ്യവർഗത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ യോഗ്യതകളെ മുൻനിറുത്തിയും ഏറ്റവും പരിശുദ്ധയായ കന്യകാമറിയം അവളുടെ ഉത്ഭവത്തിന്റെ ആദ്യനിമി

ഷംമുതൽ ഉത്ഭവപാപത്തിന്റെ എല്ലാ മാലിന്യങ്ങളിൽനിന്നും പരിരക്ഷിക്കപ്പെട്ടു''. മറിയം പാപത്തിന്റെ യാതൊരുവിധ കളങ്കവും ഇല്ലാത്തവളാണ്; അവൾ അമലോത്ഭവയാണ്.

**2.പരിശുദ്ധ കന്യകാമറിയം ദൈവമാതാവാണ്.**

വാസ്തവത്തിൽ മറിയത്തിന്റെ ഉദരത്തിൽ പരിശുദ്ധാത്മാവിനാൽ മനുഷ്യനായി അവതരിച്ചവൻ, ജഡപ്രകാരം യഥാർത്ഥത്തിൽ മറിയത്തിന്റെ മകനായി തീർന്നവൻ, പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തിയും പിതാവിന്റെ നിത്യപുത്രനുമല്ലാതെ മറ്റാരുമല്ല. തന്നിമിത്തം തിരുസഭ ഉദ്ഘോഷിക്കുന്നു: ''മറിയം യഥാർത്ഥത്തിൽ ദൈവത്തിന്റെ അമ്മയാണ്'' (Theotokos) (CCC 495). മറിയം ദൈവവും മനുഷ്യനുമായ ഈശോയ്ക്ക് ജന്മം നൽകി. അതുകൊണ്ട് മറിയം ദൈവമാതാവണ്.

**3. പരിശുദ്ധ കന്യകാമറിയം നിത്യകന്യകയാണ്.**

പരിശുദ്ധ കന്യകാമറിയം ദൈവപുത്രന്റെ മാതാവാണ് ; എന്നാൽ ഈ മാതൃത്വം പരിശുദ്ധാത്മാവിന്റെ ദൈവികമായ പ്രവർത്തികൊണ്ട് സംഭവിച്ചതാണ്. അതുകൊണ്ട് അവളുടെ കന്യാത്വം അഭംഗുരം നിലനിൽക്കുന്നു. മറിയം നിത്യകന്യകയാണ് എന്ന് പരിശുദ്ധ കത്തോലിക്കാസഭ നമ്മെ പഠിപ്പിക്കുന്നു (CCC 499).

**4. പരിശുദ്ധ കന്യകാമറിയം സ്വർഗ്ഗാരോപിതയാണ്.**

പരിശുദ്ധ കന്യകാമറിയം ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാണ് തിരുസഭ നമ്മെ പഠിപ്പിക്കുന്നതും നാം വിശ്വസിക്കുന്നതും (L.G 68). ദൈവപുത്രന്റെ അമ്മയാകാൻ ദൈവം തെരഞ്ഞെടുത്ത സ്ത്രീയുടെ ശരീരം അഴിഞ്ഞുപോകാൻ അവിടുന്ന് തിരുമനസ്സായില്ല. അതിനാൽ മറിയത്തെ ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുത്തു എന്നു നാം വിശ്വസിക്കുന്നു.

## മറിയവും തിരുസഭയും

തിരുസഭയും മറിയവും തമ്മിൽ അഗാധമായ ബന്ധമുണ്ട്. അതിന് മൂന്ന് പ്രത്യേകതകൾ ഉണ്ട്.

1. മറിയം തിരുസഭയുടെ മാതാവാണ്.
2. ഈശോയുടെ മൗതിക ശരീരമായ തിരുസഭയുടെ അതിശ്രേഷ്ഠമായ സ്ഥാനം വഹിക്കുന്ന അംഗമാണ് മറിയം.

3 മറിയം തിരുസഭയുടെ ആദ്യമാതൃകയാണ് (Prototype)

**1. മറിയം തിരുസഭയുടെ മാതാവാണ്.**

മറിയം തിരുസഭയുടെ ശിരസ്സും സ്ഥാപകനുമായ മിശിഹായുടെ മാതാവാണ്. ആ കാരണത്താൽ മറിയം തിരുസഭയുടെയും മാതാവാണ്. നമ്മുടെ പ്രിയമുള്ള അമ്മയാണ് മറിയം.

**2. ഈശോയുടെ മൗതിക ശരീരമായ തിരുസഭയുടെ അതിശ്രേഷ്ഠമായ സ്ഥാനം വഹിക്കുന്ന അംഗമാണ് മറിയം.**

മറിയം തിരുസഭയുടെ മാതാവാണെങ്കിലും തിരുസഭയുടെ ശ്രേഷ്ഠമായ അംഗവുമാണ്. മിശിഹായാൽ രക്ഷിക്കപ്പെട്ട സഭയിൽ അവിടുത്തെ അനന്ത കൃപയാൽ രക്ഷിക്കപ്പെട്ട ഗണത്തിൽപ്പെട്ടവളാണ് മറിയം.

**3. മറിയം തിരുസഭയുടെ ആദ്യമാതൃകയാണ്. (Prototype).**

തിരുസഭയുടെ മാതൃകയാണ് (Model) മറിയം. തിരുസഭ എങ്ങനെ ആയിരിക്കണം എന്നത് മറിയത്തെ നോക്കിക്കൊണ്ടാണ് നാം മനസ്സിലാക്കേണ്ടത്. വിശ്വാസം, ശരണം, ഉപവി എന്നീ പുണ്യങ്ങളിലുടെ വളർന്ന് ദൈവഹിതത്തിന് പരിപൂർണ്ണമായി വിധേയപ്പെട്ട് പുണ്യമായി ജീവിച്ചവളാണ് മറിയം. തിരുസഭ അങ്ങനെയായിരിക്കണം. അതുകൊണ്ട് മറിയം തിരുസഭയുടെ ആദ്യ മാതൃകയാണ് (Prototype).

മറിയം വിശ്വാസത്തിനും പ്രാർത്ഥനയ്ക്കും നമുക്ക് ഓരോരുത്തർക്കും എന്നും സമാനതകളില്ലാത്ത മാതൃകയാണ്. മറിയത്തിൽ ഉണ്ടായിരുന്ന വിശ്വാസവും പ്രാർത്ഥനാ ചൈതന്യവും നമുക്ക് ഓരോരുത്തർക്കും ഉണ്ടാവണം.

നാം മറിയത്തെ സ്നേഹിക്കുകയും നമ്മുടെ ജീവിത മാതൃകയായി സ്വീകരിക്കുകയും മധ്യസ്ഥയായി അംഗീകരിക്കുകയും വേണം. ദൈവസന്നിധിയിൽ അതുല്യമായ സ്ഥാനവും സ്വാധീനവും ഉള്ള വ്യക്തിയാണ് മറിയം. അവൾ നമ്മുടെ അമ്മയും മധ്യസ്ഥയും ആണ്. മറിയത്തിന്റെ പക്കൽ നാം ചെല്ലുമ്പോൾ അവൾ നമ്മെ ഈശോയിലേക്ക് അടുപ്പിക്കുന്നു. അവിടെനിന്ന് നമുക്ക് ആവശ്യമായ കൃപകൾ വാങ്ങിച്ചു തരും.

മറിയത്തിന്റെ ശക്തി മുഴുവനും ദൈവത്തിൽ നിന്ന് വരുന്നതാണ്. "ക്രിസ്തുവിന്റെ യോഗ്യതകളാണ് മറിയത്തിന്റെ സ്വാധീനതയുടെ ഉത്ഭവസ്ഥാനം. ക്രിസ്തുവിന്റെ മധ്യസ്ഥം ആണ് അതിനുള്ള അടിസ്ഥാനം. പ്രസ്തുത മാധ്യസ്ഥത്തിൽ അത് പൂർണ്ണമായി ആശ്രയിച്ചു നിൽക്കുന്നു. അതിന്റെ എല്ലാ ശക്തിയും ക്രിസ്തുവിന്റെ മാധ്യസ്ഥത്തിൽനിന്ന് പ്രാപിക്കുന്നു" (L.G 60) എന്നാണ് രണ്ടാം വത്തിക്കാൻ സുനഹദോസ് നമ്മെ പഠിപ്പിക്കുന്നത്. ഈ സത്യം നാം ശരിക്കും മനസ്സിൽ സൂക്ഷിക്കണം. മറിയത്തിലുള്ള ശക്തി മുഴുവനും ഈശോയിൽനിന്ന് വരുന്നു.

മരിയ ഭക്തി നമുക്ക് ആധ്യാത്മികതയിൽ വളരാനും ഈ ഭൂമിയിൽ വിജയകരമായി ജീവിക്കാനും അതീവ ഫലപ്രദമാണ്. ജപമാലയും മറ്റ് തിരുസഭ അംഗികരിച്ചിട്ടുള്ള പ്രാർത്ഥനകളും ഭക്തകൃത്യങ്ങളും നാം നിഷ്ഠയോടെ പാലിക്കുമ്പോൾ നമുക്ക് സമൃദ്ധമായി അനുഗ്രഹം ദൈവത്തിൽ നിന്ന് ലഭിക്കും. മെയ് മാസത്തിൽ മരിയ ഭക്തിയിൽ നമുക്ക് കൂടുതൽ വളരാം.

"സൂര്യനെ ഉടയാടയാക്കിയ സ്ത്രീ" ആയ മറിയം ദൈവത്തിൽ നിന്ന് സമൃദ്ധമായി അനുഗ്രഹം പ്രാപിക്കാൻ നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടേയെന്ന് ആശംസിച്ചുകൊണ്ട് +പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി

19-04-2025 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ ഇടയലേഖനം 11.05.2025ന് എല്ലാ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ഈ വർഷത്തെ നമ്മുടെ വേദപാഠ ക്ലാസുകൾ 2025 ജൂൺ 1 നു ആരംഭിക്കും. എല്ലാവർക്കും നല്ല പുതിയ അധ്യായന വർഷം ആശംസിക്കുന്നു.

ഭാഗ്യ സ്മരണാർഹനായ പോൾ ആറാമൻ മാർപാപ്പ പറയുന്നു: "സഭ സ്വഭാവത്താലേ മിഷനറിയാണ്; സുവിശേഷവൽക്കരണം ദൈവ ജനത്തിന്റെ പ്രഥമ കർത്തവ്യമാണ്"(EN 59). സഭ നിലനിൽക്കുന്നത് തന്നെ സുവിശേഷവൽക്കരണത്തിന് വേണ്ടിയാണ്. സ്വർഗ്ഗപിതാവിൽനിന്ന് ഈശോ കൊണ്ടുവന്ന രക്ഷാ സന്ദേശം എല്ലാവരേയും അറിയിക്കുന്ന മിഷൻ പ്രവർത്തനത്തിനാണ് സഭ സ്ഥാപിതമായിരിക്കുന്നത്. സുവിശേഷവൽക്കരണം രണ്ട് കൂട്ടരോടാണ് നടത്തുവാനുള്ളത് - 1. ഈശോയെക്കുറിച്ച് കേൾക്കാത്ത വിജാതിയരോട്; 2. മാമോദീസ മുങ്ങി ക്രിസ്ത്യാനികളയവരെ വിശ്വാസത്തിൽ ആഴപ്പെടുത്താൻവേണ്ടിയുള്ള സുവിശേഷ പ്രഘോഷണം. നാം "വേദപാഠം", "മതബോധനം" എന്നൊക്കെ വിളിക്കുന്ന വിശ്വാസ പരിശീലനം രണ്ടാമത്തെ ഗണത്തിൽപ്പെടുന്നു. മതബോധനം സഭയുടെ സുപ്രധാന കടമയാണ്.

എന്താണ് മതബോധനം? കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം ഇങ്ങനെ പഠിപ്പിക്കുന്നു: "കുട്ടികളുടെയും യുവജനങ്ങളുടെയും വിശ്വാസത്തിലുള്ള പരിശീലനമാണു മതബോധനം. ക്രൈസ്തജീവിതത്തിന്റെ പൂർണതയിലേക്കു ശ്രോതാക്കളെ നയിക്കുകയെന്ന ലക്ഷ്യത്തോടെ, സജീവമായും ക്രമീകൃതമായും ക്രൈസ്തവപ്രബോധനങ്ങൾ പഠിപ്പിക്കുകയാണു മതബോധനത്തിന്റെ മുഖ്യധർമം"(CCC 5). ക്രൈസ്തവജീവിതം വളരുന്നതും പുഷ്ടിപ്രാപിക്കുന്നതും സജീവമാകുന്നതും മതബോധനംവഴിയാണ്. വിശ്വാസ കാര്യങ്ങളിലുള്ള ആഴമായ അറിവും ബോധ്യവും നമ്മുടെ സഭാ ജീവിതത്തെ ബലപ്പെടുത്തുന്നു.

ആരാണ് മതബോധനം നടത്തേണ്ടവർ? സഭമുഴുവനും മതബോധന പ്രക്രിയയിൽ സജീവമായി പങ്കെടുക്കണം. എന്നാൽ സഭയിലെ മെത്രാന്മാർ, വൈദികർ, സന്യസ്ഥർ, മാതാപിതാക്കൾ, അല്മായ പ്രേഷിതർ എന്നിവർക്ക് കൂടുതൽ ഉത്തരവാദിത്വമുണ്ട്. മതബോധനം പരി

ശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ദൈവരാജ്യം പടുത്തുയർത്താനുള്ള പ്രവർത്തനമാണ്. ഇത് നടത്തുന്നവർക്കും സ്വീകരിക്കുന്നവർക്കും ദൈവവരപ്രസാദം ലഭിക്കും.

നമ്മുടെ ബെൽത്തംഗഡി രൂപത എല്ലാകാലത്തും മതബോധനത്തിന് ഒന്നാം സ്ഥാനം നൽകിയിട്ടുണ്ട്. നമ്മുടെ രൂപതയിൽ മതബോധനം സാമാന്യം നന്നായി നടക്കുന്നു എന്നതിൽ ഞാൻ സന്തോഷിക്കുന്നു. മതബോധന രംഗത്ത് നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുന്ന അധ്യാപകർക്കും സിസ്റ്റേഴ്സിനും നന്ദിയും അഭിനന്ദനങ്ങളും അർപ്പിക്കുന്നു. നമ്മുടെ മതബോധന രംഗം നന്നായി നടത്താൻവേണ്ടി പരിശ്രമിക്കുന്ന എല്ലാ ബഹുമാനപ്പെട്ട അച്ചന്മാർക്കും പാരിഷ് കൗൺസ്സിൽ അംഗങ്ങൾക്കും നന്ദി പറയുന്നു. നമ്മുടെ രൂപതാ ഡയറക്ടർക്കും അച്ചന്റെ ടീം അംഗങ്ങൾക്കും അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

ഈ വർഷം നമ്മുടെ കർത്താവിന്റെ ജൂബിലി വർഷമാണ്. “പ്രത്യാശയുടെ തീർത്ഥാടകർ” എന്ന ആപ്തവാക്യവുമായി നാം ആചരിക്കുന്ന ഈ ജൂബിലി വർഷത്തിൽ ഈശോയിലുള്ള വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും കൂടുതൽ വളരാൻ നമ്മുടെ മതബോധനം സഹായിക്കട്ടേ എന്ന് ഞാൻ ആശിക്കുന്നു.

2025 ജൂൺ ഒന്നിനാണ് ഈ വർഷത്തെ സൺഡേ സ്കൂൾ ആരംഭിക്കുന്നത്. അന്നേദിവസം സമുചിതമായി ആചരിക്കാൻ ബന്ധപ്പെട്ട എല്ലാവരും പരിശ്രമിക്കണം. ഈ വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനം സുഗമമാക്കാൻവേണ്ട കാര്യങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്യാൻ ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ പാരിഷ് കൗസിൽ അംഗങ്ങളും മതാദ്ധ്യാപകരും ബഹുമാനപ്പെട്ട സിസ്റ്റേഴ്സും ആവശ്യമായതെല്ലാം ചെയ്യണമെന്ന് ആഭ്യർത്ഥിക്കുന്നു. പ്രിയപ്പെട്ട മാതാപിതാക്കൾ സൺഡേസ്കൂൾ പ്രവർത്തനത്തിന് പൂർണ്ണസഹകരണം നൽകണമെന്നും അഭ്യർത്ഥിക്കുന്നു. എല്ലാ കുട്ടികളും കൃത്യമായി വേദപാഠ ക്ലാസുകളിൽ വരണമെന്ന് ഞാൻ താല്പര്യപ്പെടുന്നു. എല്ലാ കുട്ടികൾക്കും അനുഗ്രഹപ്രദമായ പുതിയ അധ്യയന വർഷം ആശംസിക്കുന്നു.

“വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്” (യോഹ 6 :48) എന്നരുൾചെയ്ത ഈശോയുടെ വചനപ്രകാരം വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കാൻ നമ്മുടെ മതബോധനം നമ്മെ സഹായിക്കട്ടേയെന്ന് പ്രാർത്ഥി

ച്ചുകൊണ്ട്+പിതാവിന്റെയും+പുത്രന്റെയും+ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
27-04-2025

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB**: ഈ സർക്കുലർ 18-05-2025ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

APOSTOLIC NUNCIATURE
IN INDIA

## Communiqué

N. 9624/25/IN

This Apostolic Nunciature communicates the sad news of the demise of His Holiness Pope Francis on Easter Monday, 21 April 2025, at the age of 88 at Santa Marta residence in Vatican City.

At 9.45 AM, His Eminence Cardinal Kevin Farrell, Camerlengo of the Apostolic Chamber, announced the death of Pope Francis:

> "*Dearest Brothers and Sisters, with deep sorrow I must announce the death of our Holy Father Francis. At 7.35 this morning, the bishop of Rome, Francis, returned to the house of the Father. His entire life was dedicated to the service of the Lord and of His Church. He taught us to live the values of the Gospel of fidelity, courage and universal love, especially in favour of the poorest and the most marginalized.*"

The Apostolic Nunciature exhorts Bishops, Clergy and Religious and Lay Faithful of the Catholic Church in India to offer prayers to commend the soul of Pope Francis to the infinite merciful love of God.

May the Catholic Church in India and in the world as well as all Nations treasure the inspiring, compassionate and loving legacy of Pope Francis.

New Delhi, 21 April 2025

Archbishop Leopoldo Girelli
Apostolic Nuncio

APOSTOLIC NUNCIATURE
NEW DELHI

**Mar Raphael Thattil**
Major Archbishop of the Syro-Malabar Church

Prot. No. 0337/2025 21.04.2025

## Pope Francis is Called to His Heavenly Abode

Dear Archbishops, Bishops, Priests, Religious and Lay Faithful of the Syro-Malabar Church,

We have just received the sad news that His Holiness Pope Francis is called to his heavenly Abode at the age of 88.

In accordance with our custom, the church bells are to be rung (3/4) for some time in all our churches and institutions, announcing the death of the Holy Father.

As we await the details of the funeral and further communications from the Vatican, all the celebrations and festive gatherings remain cancelled in our Church until further communication. The parish feast and other liturgical celebrations, if essential, are to be conducted, devoid of every celebrative aspects.

In this moment of profound grief, let us commend the soul of our beloved Holy Father to the infinite mercy of the Lord.

✠ **Raphael Thattil**
Major Archbishop of Syro-Malabar Church

Mar Raphael Thattil Major Archbishop of the Syro-Malabar Church

Syro-Malabar
Major Archiepiscopal Curia

**Mount St. Thomas**, P.B. No. 3110, Kakkanad P.O., Kochi - 682030, Kerala, India | Tel: 0484-2428271

Email: majorarchbishop@
Website: www.syromalaba

Prot. No. 0347/2025 24 April 2025

## പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പയുടെ കബറടക്കം

അഭിവന്ദ്യ പിതാക്കന്മാരേ, ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരിസഹോദരങ്ങളേ,

നിങ്ങൾക്കറിയാവുന്നതുപോലെ കാലംചെയ്ത പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പയുടെ മൃതസംസ്ക്കാരകർമത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാന വത്തിക്കാൻ ബസിലിക്കയുടെ മുൻഭാഗത്ത് 2025 ഏപ്രിൽ 26 ശനിയാഴ്ച ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 1.30ന് (ഇറ്റാലിയൻ സമയം രാവിലെ 10 മണി) ആരംഭിക്കുന്നു. വിശുദ്ധ കുർബാന അർപ്പണത്തിനുശേഷം കബറടക്കുന്നതിനായി മാർപാപ്പയുടെ ഭൗതികദേഹം റോമിലെ മേരി മേജർ ബസിലിക്കയിലേക്ക് കൊണ്ടുപോകുന്നതാണ്.

സുപ്രധാനവും എന്നാൽ ദുഃഖകരവുമായ ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദേശങ്ങൾ പാലിക്കുന്നതിന് എല്ലാവരുടെയും സഹകരണം അഭ്യർഥിക്കുന്നു:

- പരിശുദ്ധ പിതാവിന്റെ കബറടക്കം നടക്കുന്ന ഏപ്രിൽ 26-ാം തീയതി ശനിയാഴ്ച നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും പരിശുദ്ധ പിതാവിനുവേണ്ടി ദൈവകരുണ യാചിച്ചുകൊണ്ടു വിശുദ്ധ കുർബാനയും ചെറിയ ഒപ്പീസും നടത്തേണ്ടതാണ്.

- ക്രിസ്തുവിന്റെ വികാരിയായ കാലംചെയ്ത സഭാതലവനോടുള്ള ആദരം പ്രകടിപ്പിച്ചുകൊണ്ട് കബറടക്കംനടക്കുന്ന ദിവസം സാധിക്കുന്നിടത്തോളം നമ്മുടെ എല്ലാ സ്ഥാപനങ്ങൾക്കും അവധി നല്കേണ്ടതാണ്. അന്നേദിവസം ക്രമീകരിച്ചിട്ടുള്ള എല്ലാ ആഘോഷങ്ങളും സമ്മേളനങ്ങളും ഉപേക്ഷിക്കുകയോ മറ്റൊരുദിവസത്തേക്കു മാറ്റിവയ്ക്കുകയോ ചെയ്യേണ്ടതാണ്.

- ഭാരത കത്തോലിക്കാമെത്രാൻസമിതിയുടെ പ്രസിഡണ്ട് നല്കിയിരിക്കുന്ന നിർദേശമനുസരിച്ച് ഭാരതം മുഴുവനിലും നമ്മൾ ആചരിച്ചുവരുന്ന ഒൻപതു ദിവസത്തെ ദുഃഖാചരണം 2025 ഏപ്രിൽ 29 ചൊവ്വാഴ്ചയാണ് അവസാനിക്കുന്നത്. ആ ദിവസംവരെ എല്ലാ ആഘോഷങ്ങളും മറ്റു സമ്മേളനങ്ങളും നടത്തുന്നത് ഒഴിവാക്കേണ്ടതാണ്. ഇടവകത്തിരുനാൾ തുടങ്ങിയ ആരാധനാക്രമപരമായ കർമങ്ങൾ ആഘോഷങ്ങൾ ഒഴിവാക്കി ലളിതമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

- കബറടക്കം നടക്കുന്ന ദിവസംമുതൽ ആഗോളസഭ കാലംചെയ്ത പരിശുദ്ധ പിതാവിനുവേണ്ടി ഒൻപതുദിവസങ്ങൾ പരമ്പരാഗതമായ പ്രത്യേക പ്രാർഥനാദിനങ്ങളായി ആചരിക്കുന്നു. പ്രാർഥനയുടെ ഈ കാലഘട്ടത്തിൽ ആഗോളസഭയോട് ആത്മീയമായി നമുക്കു ചേർന്നുനില്ക്കാം. പരിശുദ്ധ പിതാവിനുവേണ്ടിയുള്ള പ്രാർഥനയുടെ ഈ കാലഘട്ടം അവസാനിക്കുന്ന മെയ് നാലുവരെ എല്ലാ ആഘോഷങ്ങളിലും മിതത്വംപാലിക്കേണ്ടതാണ്.

വാക്കിലും പ്രവൃത്തിയിലും സുവിശേഷത്തിനു സാക്ഷ്യംവഹിച്ചു ദൈവജനത്തെ വിശ്വസ്തതയോടെ നയിച്ച പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പയെപ്രതി നമുക്കു ദൈവത്തിനു നന്ദിപറയാം. അതോടൊപ്പം, തിരുസഭയെ വിശുദ്ധിയിലും സത്യത്തിലും നയിക്കാൻ നല്ലയിടയനായ ഈശോയുടെ ഹൃദയത്തിനുചേർന്ന ഒരു മാർപാപ്പയെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി ചേരാനിരിക്കുന്ന കർദിനാൾമാരുടെ കോൺക്ലേവിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ വഴിനടത്തൽ ഉണ്ടാകുന്നതിനുവേണ്ടി നമുക്ക് ഈ ദിവസങ്ങളിൽ തീക്ഷ്ണമായി പ്രാർഥിക്കാം.

പ്രാർഥനയുടെ ഐക്യത്തിൽ ഈശോയിൽ സ്നേഹത്തോടെ,

✠ റാഫേൽ തട്ടിൽ
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

# ക്രിസ്തു ജൂബിലി 2025

♦ **"കുരിശ് യാത്ര"**

ഈശോയുടെ ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള കുരിശ് പ്രയാണത്തിന് കുട്ട്രുപ്പാടി, സിദ്ദാപ്പുര (കൊടഗു), ഫൊറോനാകളിൽ ഉജ്ജ്വല സ്വീകരണം. മാർച്ച് 30 നു പുത്തൂർ മാസ് സെന്ററിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. ബഹു. ജോസഫ് കേളംപറമ്പിൽ അച്ചനും, ബഹു. ജോസഫ് വലിയപറമ്പിൽ അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും പുത്തൂർ സെമിനാരിയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് ഏപ്രിൽ 6 മുതൽ 12 വരെ ഹെഗ്ഗള ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. ജോസഫ് പുതുശ്ശേരി അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും ഹെഗ്ഗള ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് ഏപ്രിൽ 13 മുതൽ 19 വരെ മൂർനാട് ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. ജോസഫ് പുതുശ്ശേരി അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും മൂർനാട് ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് ഏപ്രിൽ 20 മുതൽ 26 വരെ ഗോണികൊപ്പാൽ ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. പർഗ്ഗീസ് പോൾ അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും ഗോണികൊപ്പാൽ ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് ഏപ്രിൽ 27 മുതൽ ഹൻച്ചിക്കാട് ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. ദേവസി വടക്കേവീട്ടിൽ അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും ഹൻച്ചിക്കാട് ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. ഈ ദിവസങ്ങളിൽ ദേവാലയങ്ങളിൽ വെള്ളിയാഴ്ച്ചയും, ഞായറാഴ്ച്ചയും കുരിശിന്റെ വഴി നടത്തുകയും, കുരിശിന്റെ പ്രാധാന്യത്തെക്കുറിച്ച് ബഹു. വികാരിമാർ പഠിപ്പിക്കുകയും ചെയ്തു. ഈ ഇടവകകളിൽ ഉളള എല്ലാ ഭവനങ്ങളിലും വിശുദ്ധ കുരിശിനെ ഭക്തിയോടെ സ്വീകരിക്കുകയും, ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നിർദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്തു വരികയും ചെയ്യുന്നു.

**Fr. Lawrence Poonolil**
Chancellor

# രൂപതാകാര്യാലയം

♦ **ആദരാഞ്ജലികൾ : പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ**

ആഗോള കത്തോലിക്ക സഭയുടെ പിതാവും തലവനുമായ മഹായിടയൻ ഫ്രാൻസീസ് പാപ്പാ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽനിന്നും സ്വർണ്ണ ചിറകുകളോടെ 2025 ഏപ്രിൽ 21 നു പറന്നുയർന്നു. ദയയുടെയും, കരുണയുടെയും, ലാളിത്യത്തിന്റെയും, സമാധാനത്തിന്റെയും ദൂതനായ ഫ്രാൻസീസ് മാർപാപ്പ സഭയെ ആത്മീയതയിലും, മനുഷ്യ സ്നേഹത്തിലുമുള്ള അതുല്യമായ നേതൃത്വത്തിലേയ്ക്ക് നയിച്ചു. ദരിദ്രരോടുള്ള സ്നേഹവും, ലോക സമാധാനത്തിനുള്ള പരിശ്രമവും, സഭയുടെ നവീകരണത്തിനുവേണ്ടി മാർപാപ്പ നടത്തിയ പരിശ്രമങ്ങളും എന്നേന്നേക്കുമായി ഓർമ്മിക്കപ്പെടും. മാർപാപ്പയുടെ ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

♦ **Pope's Monthly Intention for May - 2025**

തൊഴിൽ സാഹചര്യങ്ങൾക്കുവേണ്ടി :

തൊഴിലിലൂടെ ഓരോ വ്യക്തിയും ആത്മ സംതൃപ്തി കണ്ടെത്തുകയും കുടുംബങ്ങൾ അന്തസ്സിൽ നിലനിൽക്കുകയും സമൂഹം മനുഷ്യവൽക്കരിക്കപ്പെടുകയും ചെയ്യുന്നതിനു വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

♦ **Let us Pray for Rev. Fathers :**

Prayerful Greetings to Very Rev. & Rev. Fathers

**Birth Day :**

| | |
|---|---|
| Thomas Kallupuraparambil | 07 |
| Mathew Manappatt | 10 |
| Joseph Mattam | 11 |
| Thomas Parekattil | 20 |

| | |
|---|---|
| Emmanuel Arayandayil | 25 |
| Thomas Puthiyara | 26 |
| Mathew Vellachalil | 31 |

**♦ബഹു. വൈദികരുടെ സ്ഥലം മാറ്റം :**

ബഹു. വൈദികരുടെ ഈ വർഷത്തെ സ്ഥലമാറ്റം 2025 മെയ് 17ന് ശനിയാഴ്ചയാണ്. 2025 മെയ് 1 വ്യാഴായ്ച്ച ട്രാൻസ്ഫർ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

**♦വികാരി മാറ്റ റിപ്പോർട്ട് :**

സ്ഥലം മാറ്റമുള്ള ബഹു. വികാരിയച്ചന്മാർ ഇടവക മാറി പോകുമ്പോൾ രൂപതാനിയമാവലി (no. 293 - 294) പ്രകാരം വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കുകയും പുതിയ വികാരിയെ ഏൽപ്പിക്കേണ്ടതുമാണ്. പുതിയ വികാരി ചുമതലയേറ്റ് 15 ദിവസത്തിനകം ഒപ്പിട്ട കോപ്പി രൂപതാ കച്ചേരിയിൽ എത്തിക്കേണ്ടതാണ്.

**♦ വൈദിക സമ്മേളനവും വി. മൂറോൻ വെഞ്ചിരിപ്പും**

വൈദിക സമ്മേളനം 2025 ഏപ്രിൽ മാസം 08-ാം തീയതി വൈകുന്നേരം 6.00 മണിക്ക് ആരംഭിച്ച് 09 -ാം തീയതി ഉച്ച കഴിഞ്ഞ് 1 മണിയോടെ സമാപിച്ചു. പുത്തൂർ രൂപതാ വികാരി ജനറാൾ പെരിയ ബഹു. എൽതോ പുത്തേൻകണ്ടത്തിൽ അച്ചൻ നോമ്പുകാല സന്ദേശം നല്കുകയും വൈദികരെ കുമ്പസാരത്തിന് ഒരുക്കുകയും ചെയ്തു. 09- ാം തീയതി രാവിലെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് അഭി. മാർ ലോറൻസ് മുക്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. മൂറോൻ വെഞ്ചിരിപ്പ് നടത്തി. 09- ാം തീയതി രാവിലെ 11.30 ന് ജ്ഞാനനിലയത്തിൽ വച്ച് പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. ജോസഫ് ചാത്തനാട്ടച്ചന്റെ ജൂബിലി അഭി. പിതാവും വൈദികരും ചേർന്ന് സാഘോഷം കൊണ്ടാടി.

**♦ആദരാഞ്ജലികൾ**

**ശ്രീമതി മേരി വർഗ്ഗീസ് മാളിയേക്കൽ (80)** : ബഹു. ജോൺ മാളിയേക്കൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി മേരി മാളിയേക്കൽ 2025 ഏപ്രിൽ 9-ാം തീയതി നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ ഏപ്രിൽ 11 ന് ധർമ്മസ്ഥള സെന്റ് ജോസഫ് ഫൊറോന ദേവാലയ സിമിത്തേരിയിൽ അഭി. ലോറൻസ് പിതാവിന്റെ കാർമികത്വത്തിൽ

നടന്നു. പ്രിയപ്പെട്ട മാതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. മാളിയേക്കൽ അച്ചനും, കുടുംബാംഗങ്ങൾക്കും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നതോടൊപ്പം പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

**ശ്രീമതി അന്നമ്മ പുതിയേടത്ത് (97)** : ബഹു. വർഗ്ഗീസ് പുതിയേടത്ത് അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി അന്നമ്മ പുതിയേടത്ത് 2025 ഏപ്രിൽ 22-ാം തീയതി നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ ഏപ്രിൽ 23 ന് ഗണ്ടിബാഗിലു സെന്റ് തോമസ് ദേവാലയ സിമിത്തേരിയിൽ അഭി. ലോറൻസ് പിതാവിന്റെ കാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട മാതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. പുതിയേടത്ത് അച്ചനും, കുടുംബാംഗങ്ങൾക്കും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു, പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

- **Special Collections : Catechetical Sunday - 1st June 2025**

**Fr. Lawrence Poonolil**
Chancellor

# സാൻ തോം ഗുറുമന്ദിറ മൈനർ സെമിനാരി

**1. ദൈവവിളിക്യാമ്പ് - 2025**

ബെൽത്തംഗഡി രൂപതയിലെ ദൈവവിളി ക്യാമ്പ് 2025 ഏപ്രിൽ 9,10,11,12 തീയതികളിലായി നടന്നു. ജ്ഞാനനിലയത്ത് വച്ച് നടന്ന ക്യാമ്പിൽ 41 പേർ പങ്കെടുത്തു. ക്യാമ്പ് വിജയകരമാക്കുവാൻ നേതൃത്വം നൽകിയ വൈദികർക്കും സന്യസ്തർക്കും അല്മായർക്കും വൈദിക വിദ്യാർത്ഥികൾക്കും നന്ദി. ക്യാമ്പിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ഔദാര്യപൂർവ്വം ചെയ്തു തന്ന ബഹു. ജോസഫ് മറ്റത്തിലച്ചനേയും, ബഹു. ജോബി പുല്ലാട്ടച്ചനേയും, ബഹു. സി. അൽഫോൻസ് എഫ്. സി. സി.യേയും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. ക്യാമ്പിൻ പങ്കെടുക്കുവാൻ കുട്ടികളെ അയച്ച വികാരിയച്ചന്മാർക്ക് നന്ദി.

**2. അഭിനന്ദനങ്ങൾ**

**1. ഡീക്കൻപട്ടം സ്വീകരണം**

നമ്മുടെ രൂപതയ്ക്കുവേണ്ടി ഈ വർഷം 2025 ഏപ്രിൽ മാസം 15-ാം തീയതി രാവിലെ 07.30ന് കത്തീഡ്രൽ പള്ളിയിൽ വച്ച് അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിൽനിന്നും 3 സബ് ഡീക്കന്മാർ മ്ശംശാനപട്ടം സ്വീകരിച്ചു. ദീർഘകാലത്തെ പരിശീലനത്തിനുശേഷം പൗരോഹിത്യ സ്വീകരണത്തിന് ഒരുങ്ങുന്ന ബഹു. ഡീക്കന്മാർക്ക് അഭിനന്ദങ്ങളും പ്രാർത്ഥനകളും നേരുന്നു.

**2. ചെറുപട്ടങ്ങൾ**

നമ്മുടെ രൂപതയ്ക്ക് വേണ്ടി 2025 ഏപ്രിൽ മാസം 15-ാം തീയതി രാവിലെ 07.30ന് കത്തീഡ്രൽ പള്ളിയിൽ വച്ച് അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിൽനിന്നും ഒരാൾ ഹെവ്പദിയാക്കോനൂസാ പട്ടവും ഒരാൾ കാറോയുസ പട്ടവും സ്വീകരിച്ചു. എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു. പൗരോഹിത്യത്തിലേക്ക് ഒരു പടി കൂടി അടുത്ത ഈ സഹോദരന്മാർക്ക് പ്രാർത്ഥനാശംസകൾ.

**3. വൈദിക വസ്ത്ര സ്വീകരണം**

റീജൻസി കാലഘട്ടം വിജയകരമായി പൂർത്തിയാക്കി 4 സഹോദരന്മാർ നമ്മുടെ രൂപതയ്ക്ക് വേണ്ടി 2025 ഏപ്രിൽ മാസം 15-ാം തിയതി രാവിലെ

07.30ന് കത്തീഡ്രൽ പള്ളിയിൽ വച്ച് അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിൽനിന്നും വൈദിക വസ്ത്രം സ്വീകരിച്ചു. എല്ലാവർക്കും അഭിനന്ദനങ്ങൾ. ദൈവശാസ്ത്രപഠനത്തിനായി ഒരുങ്ങുന്ന സഹോദരന്മാർക്ക് പ്രാർത്ഥനാശംസകൾ.

### 3. മേജർ സെമിനാരിക്കാരുടെ ക്യാംപ്

2025 ഏപ്രിൽ മാസം 23-ാം തിയ്യതി ബുധനായ്ച വൈകുന്നേരം 4 മണിമുതൽ 27-ാം തിയ്യതി 1 മണിവരെ സിദ്ദാപ്പുര(കൊടഗു) ഇടവകയിൽ വച്ച് മേജർ സെമിനാരിക്കാരുടെ ക്യാംപ് മൈനർ സെമിനാരിയിലെ അച്ചന്മാരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ക്യാമ്പിന്റെ ദിവസങ്ങളിൽ സെമിനാരിക്കാർ ഭവന സന്ദർശനം നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു. 27-ാം തിയ്യതി രാവിലെ 8.30 ന് അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവ് വി. ബലിയർപ്പിച്ച് സന്ദേശം നൽക്കുകയും രൂപതയ്ക്ക് വേണ്ടി പഠിക്കുന്ന മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ പങ്കു ചേരുകയും, അതോടൊപ്പം രൂപതയിലെ എല്ലാ മേജർ സെമിനാരിക്കാരുമായി കൂടികാഴ്ച്ച നടത്തുകയും ചെയ്തു. ഈ ക്യാമ്പിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ഔദാര്യപൂർവ്വം ചെയ്തു തന്ന സിദ്ദാപ്പുര (കൊടഗു) ഫൊറോന വികാരി പെരിയ ബഹു. ദേവസ്യ വടക്കേവീട്ടിലച്ചനേയും, ഇടവകയിലെ ബഹു. എസ്. എച്ച്. സിസ്റ്റേഴ്സിനേയും, ക്യാമ്പിന്റെ ദിവസങ്ങളിൽ സെമിനാരിക്കാരെ സന്ദർശിച്ച ബഹു. വൈദികരേയും, ഇടവകയിലെ ബഹു. കൈക്കാരന്മാരേയും, കമ്മിറ്റിക്കാരേയും നന്ദിയോടെ ഓർക്കുന്നു. ക്യാമ്പിൽ പങ്കെടുത്ത എല്ലാ മേജർ സെമിനാരിക്കാർക്കും നന്ദി.

എന്ന് സ്നേഹത്തോടെ,

**Fr. Joseph Kelamparambil**
Rector
&
**Fr. Joseph Valiyaparambil**
Diocesan Vocation Promoter

# വിശ്വാസപരിശീലന രംഗം

**"എന്നാൽ, പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും.." - അപ്പ 1:8.**

### മാതാവിന്റെ വണക്കമാസം

നമുക്കെല്ലാവർക്കും വളരെ അടുപ്പമുള്ള വ്യക്തിയാണ് പരിശുദ്ധ ദൈവമാതാവ്. കാരണം, അവൾ നമ്മുടെ സ്വർഗ്ഗീയ അമ്മയായിരുന്നു കൊണ്ട് നമ്മുടെ കാര്യങ്ങളിൽ വളരെ താല്പര്യത്തോടെ ഇടപെടുകയും നമുക്കുവേണ്ടി മാധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്യുന്നു. മെയ് മാസം പരിശുദ്ധ അമ്മയുടെ വണക്കമാസമായി ആചരിക്കുന്ന പതിവ് നമുക്കുണ്ടല്ലോ. ഈ മെയ് മാസത്തിലും മാതാവിന്റെ മാധ്യസ്ഥം യാചിച്ചുകൊണ്ട് വണക്കമാസ പ്രാർത്ഥനയിൽ പങ്കുകൊള്ളാം. ഈ പ്രാർത്ഥനകൾ ഈശോയ്ക്ക് കാഴ്ചവച്ച് ഉദ്ധിഷ്ട കാര്യങ്ങളുടെ പ്രാപ്തിക്കായി പ്രാർത്ഥിക്കാം.

### വാർഷിക പരീക്ഷ

എല്ലാ ഇടവകകളിലും ഏപ്രിൽ ആറിന് വാർഷിക പരീക്ഷ നന്നായി നടന്നു. ബഹുമാനപ്പെട്ട വികാരിയച്ചനും പ്രധാന അധ്യാപകർക്കും സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

### സ്കോളർഷിപ്പ്, ഡിപ്ലോമ, പോസ്റ്റ് ഡിപ്ലോമ

സ്കോളർഷിപ്പിന്റെ മാർക്കുകളും ഉത്തരകടലാസുകളും ഇതുവരെയും എത്തിക്കാത്തവർ രൂപതാ കേന്ദ്രത്തിൽ മെയ് ആദ്യ ആഴ്ചയിൽതന്നെ തരണമെന്ന് അറിയിക്കുന്നു. ഡിപ്ലോമ, പോസ്റ്റ് ഡിപ്ലോമ കുട്ടികളുടെ വിവരങ്ങൾ പൂരിപ്പിച്ച ഫോമും ഫോട്ടോയും തരാൻ ബാക്കിയുള്ളവർ ഉടനെ നൽകണമെന്ന് ഓർമിപ്പിക്കുന്നു.

### ക്രിസ്തോത്സവം

ക്രിസ്തോത്സവം താഴെപ്പറയുന്ന ഇടവകകളിൽ വളരെ നന്നായി നടന്നു. കുട്ടികൾ എല്ലാവരും വളരെ താല്പര്യത്തോടെ ഇതിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും അധ്യാപകരും മാതാപിതാക്കളും വളരെ താല്പര്യത്തോടെ സഹകരിച്ചു. നിങ്ങൾക്ക്

നന്ദി. ക്ലാസ് എടുക്കാൻ സഹായിച്ച എല്ലാ കൊച്ചച്ചന്മാർക്കും സിസ്റ്റേഴ്സിനും ബ്രദേഴ്സിനും അധ്യാപകർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. ക്രിസ്തോത്സവ നടന്ന ഇടവകൾ:

1. ബജഗോളി, മാള ചൗക്കി, കെർവാശെ.
2. നെട്ടണ, ഗുത്തിഗാർ
3. ഹെബ്രി അജെക്കാർ
4. മണിപാൽ
5. ബെൽത്തംഗഡി, വേണൂർ, ബങ്കാഡി, ശിർലാൽ, നാവൂർ, മൂർജെ
6. ധർമസ്ഥള, ബൊൾമിനാർ
7. ഗണ്ടിബാഗിലു, ദേവഗിരി
8. കൽമക്കി, മദ്ദോഡി, ശിരൂർ
9. മുണ്ടാജെ, ഉജിറെ
10. സിദ്ദാപുറ, അജ്രി
11. കളെഞ്ച, ബട്ട്യാൽ
12. അഡ്ഡഹൊളെ, ശിരാഡി, ഉദനെ
13. കുട്രുപ്പാഡി, നീരാജെ, പദവു

## ക്രിസ്തോത്സവ ഇനി നടക്കാനുള്ള ഇടവകകൾ

**May 1, 2, 3:**

Gonikoppalu & Heggala @ Gonikoppalu:
Fr. Benny CST, Sr. Anitta FCC, Bro Bijeesh,

**May 5, 6, 7:**

Thottathady & Kanjal @ Thottathady:
Fr. Devasia Paikatt, Sr. Liya MSMI, Bro Binoj.

## പ്രധാന അധ്യാപകരുടെ സമ്മേളനം

മെയ് 10 ആം തീയതിയാണ് പ്രധാന അധ്യാപകരുടെ സമ്മേളനം നടത്തപ്പെടുന്നത്. തിയതിയിൽ വന്ന മാറ്റം ശ്രദ്ധിക്കുമല്ലോ. എല്ലാവരും 2024-25 ലെ ഒരു ചെറിയ വാർഷിക റിപ്പോർട്ടിന്റെ കോപ്പിയും 2025-26 ലേക്കുള്ള ഇയർപ്ലാനും തയ്യാറാക്കി കൊണ്ടുവരണം.

പ്രധാന അധ്യാപകർ മീറ്റിംഗിനു വരുന്നതിനുമുമ്പ് സ്റ്റാഫ് മീറ്റിംഗ് വിളിച്ചുകൂട്ടി ചർച്ചനടത്തി ഇവിടെ അവതരിപ്പിക്കേണ്ട കാര്യങ്ങൾ നോട്ടു കുറിച്ചുകൊണ്ട് വരേണ്ടതാണ്.

## പ്രതിഭാ സംഗമം

2025 മെയ് 8, 9, 10 തിയതികളിൽ കാക്കനാടിൽ നടക്കുന്ന ഏഴാം ക്ലാസ്സ് കുട്ടികളുടെ പ്രതിഭാസംഗമത്തിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ:

1. Brijith Palely, Navoor
2. Alfin Madassery, Thottathady
3. Mary Nithin Panthalipadan
4. Alina Justin Kurikunnel

## രൂപതാ മതബോധന കമ്മിറ്റി മീറ്റിംഗ്

**രൂപതാ മതബോധന കമ്മിറ്റി മീറ്റിംഗ് മെയ് 27 ാം തീയതിയി ലേക്ക് മാറ്റിയിരിക്കുന്നു.** എല്ലാ ഫൊറോനാ വികാരി അച്ചൻമാരും കോർകമ്മിറ്റി അംഗങ്ങളും ഇതിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

## 11 ാം ക്ലാസിലെ അധ്യാപകർക്ക് ട്രെയിനിങ് പ്രോഗ്രാം

11 ാം ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള ട്രെയിനിങ് പ്രോഗ്രാം മെയ് 18 ന് നടത്തപ്പെടുന്നു. ഈ വർഷം മുതൽ നമ്മൾ പതിനൊന്നാം ക്ലാസിൽ പുതിയ ടെക്സ്റ്റ് ബുക്ക് ഉപയോഗിക്കുകയാണ്. ഇതിന്റെ പാഠങ്ങൾ തയ്യാറാക്കിയിരിക്കുന്നത് പുതിയ രീതിയിലാണ്. അതുകൊണ്ട് ഇതെങ്ങനെയാണ് പഠിപ്പിക്കേണ്ടത് എന്ന് നമ്മൾ അറിഞ്ഞിരിക്കണം. മെയ് മാസം പതിനെട്ടാം തീയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ആയിരിക്കും ക്ലാസ്. പതിനൊന്നാം ക്ലാസിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

## ഏഞ്ചൽസ് മീറ്റ്

മെയ് മാസം 25 ആം തീയതി ഏഞ്ചൽസ് മീറ്റ് നടത്തപ്പെടുന്നു. രാവിലെ 10.30 നു കത്തിഡ്രൽ പള്ളിയിൽ വി. കുർബാനയും അതിനുശേഷം അഭിവന്ദ്യ പിതാവുമായി കൂടിക്കാഴ്ച്ചയും ഫോട്ടോസെഷനും ഉച്ചഭക്ഷണവും ഉണ്ടായിരിക്കും.

### മതബോധന ഞായർ

ജൂൺ ഒന്നാം തീയതിയാണ് ഈ വർഷം മതബോധന ഞായർ ആഘോഷിക്കുന്നത്. ഈ ദിവസം സമുചിതമായി നടത്താൻ വേണ്ട എല്ലാ തയ്യാറെടുപ്പുകളും നടത്തണമെന്ന് ഓർമിപ്പിക്കുന്നു.

### ആമുഖ സെമിനാർ

പുതിയ അധ്യാപകരുടെ ആമുഖ സെമിനാർ ജൂൺ മാസം 22 ആം തീയതി ജ്ഞാനനിലയത്തിൽവച്ച് നടത്തപ്പെടുന്നതാണ്. എല്ലാ പുതിയ അധ്യാപകരും ഇതുവരെയും ആമുഖ സെമിനാറിൽ പങ്കെടുക്കാത്ത അധ്യാപകരും ഈ സെമിനാറിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കണമെന്ന് അറിയിക്കുന്നു.

### പുതിയ അധ്യാപകരുടെ നിയമനം

പുതിയ അധ്യാപകരെ ആവശ്യമുള്ളിടത്ത് ഈ മാസം തന്നെ തെരഞ്ഞെടുത്ത് പരിശീലനം കൊടുക്കുകയും ജൂൺ മാസം 22 ആം തീയതി നടക്കുന്ന ആമുഖ സെമിനാറിനു പറഞ്ഞയക്കുകയും ചെയ്യുക.

**അടുത്ത അധ്യയനവർഷത്തിനുള്ള ഒരുക്കങ്ങൾ**

**കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ:** 1. പാഠപുസ്തകം 2. നോട്ട് ബുക്ക് 3. കുർബാന പുസ്തകം 4. ബൈബിൾ 5. പ്രാർത്ഥന പുസ്തകം 6. പൊതുവിജ്ഞാനം 7. വിശുദ്ധരെ അറിയാൻ 8. മിഷൻലീഗ് പ്രാർത്ഥന പുസ്തകം

**അധ്യാപകർക്ക്:** 1. പാഠപുസ്തകം 2. ടീച്ചിങ്ങ്നോട്ട് 3. സംപൂർണ ബൈബിൾ 4. അധ്യാപക സഹായി.

## ചെറുപുഷ്പ മിഷൻ ലീഗ്

**സി.എം.എൽ. വൈസ് ഡയറക്ടർസ്, ആനിമേറ്റർസ്, തിരുബാലസഖ്യം പ്രമോട്ടർസ് സമ്മേളനം**

**ജൂൺ 29 ന് ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്.**

**ആൾത്താര ബാലന്മാരുടെ ട്രെയിനിങ് ക്യാമ്പ്**

ഏപ്രിൽ 21, 22 തീയതികളിൽ നടത്തപ്പെട്ടു. ---- പേർ ഈ ക്യാമ്പിൽ പങ്കെടുത്തു. ഈ ക്യാമ്പ് നടത്തിതന്ന ബ്രദർസിന് നന്ദി.

**സി.എം.എൽ. ലീഡേഴ്സ് ട്രെയിനിങ് ക്യാമ്പ്**

ഏപ്രിൽ 25 മുതൽ 27 വരെ ജ്ഞാനനിലയത്തിൽവച്ച് നടത്തപ്പെട്ടു. മാനന്തവാടി രൂപതയിൽനിന്നുള്ള ബിനു മാക്കൂട്ടവും റ്റീം അംഗങ്ങളുമാണ് ഈ ക്യാമ്പ് നയിച്ചത്. എല്ലാവർക്കും പ്രത്യേകം നന്ദി.

## മിഷൻലീഗ് രൂപതാ കമ്മിറ്റി മീറ്റിംഗ്

സി.എം.എൽ. ഫൊറോന ഡയറക്ടർമാരുടെയും രൂപതാ ഭാരവാഹികളുടെയും സമ്മേളനം **മെയ് 7 ാം തീയതി** നടക്കുന്നതാണ്. എല്ലാ ഫറോനാ ഡയറക്ടർ അച്ചൻമാരും രൂപതാ ഭാരവാഹികളും കോർകമ്മിറ്റി അംഗങ്ങളും ഇതിൽ പങ്കെടുക്കണം. രാവിലെ 10.30 ന് ആരംഭിച്ച് ഒരു മണിയോടെ തീരുന്നതാണ്.

## മിഷൻ സന്ദർശനം

ഭദ്രാവതി രൂപത്തിലുള്ള **ഹൊളെഹൊന്നൂറു** എന്ന സ്ഥലത്തുള്ള മിഷൻ കേന്ദ്രം ആയിരിക്കും നമ്മൾ സന്ദർശിക്കുന്നത്. മെയ് 12, 13, 14 തീയതികളിൽ ആയിരിക്കും ഈ സന്ദർശനം നടത്തുന്നത്.

## മിഷൻലീഗ് പ്രവർത്തന വർഷാരംഭം

ദേശീയതലത്തിലും സംസ്ഥാനതലത്തിലും മിഷൻലീഗിന്റെ പ്രവർത്തനവർഷാരംഭം ബൊൾമിനാറിൽ വച്ച് മെയ് 24 ന് നടത്തപ്പെടുന്നതാണ്.

രൂപതാതലത്തിൽ **ജൂൺ 8 ാം തീയതി** എല്ലാ ഇടവകകളിലും വർഷാരംഭമായി ആഘോഷിക്കണം. കാഴ്ച സമർപ്പണം, കുർബാന, അംഗത്വ സ്വീകരണം, അംഗത്വ നവീകരണം, പതാക ഉയർത്തൽ, റാലി, എന്നിവ നടത്താവുന്നതാണ്.

### പ്രവർത്തനം

എല്ലാ ദിവസവും ഒരു കൊന്ത ചൊല്ല് മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുക.

### വചനം

പീലിപ്പോസ് നഥാനയേലിനെക്കണ്ട് അവനോടു പറഞ്ഞു: മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അവനെ - ജോസഫിൻെറ മകൻ , നസറത്തിൽനിന്നുള്ള യേശുവിനെ - ഞങ്ങൾ കണ്ടു. - യോഹ 1:45.

### സുകൃതജപം

എന്റെ അമ്മേ, എനിക്ക് വേണ്ടി നിന്റെ തിരുക്കുമാരനോടു മാധ്യസ്ഥം അപേക്ഷിക്കണമേ.

### അനുസ്മരിക്കുന്ന തിരുനാൾ

വിശുദ്ധ ഡോമിനിക് സാവിയോ - മെയ് 6.

# തിരുബാലസഖ്യം

**പ്രവർത്തനം:**

ദിവസവും അഞ്ച് നന്മനിറഞ്ഞ മറിയമേ ... എന്ന പ്രാർത്ഥന ചൊല്ലി മാതാവിന്റെ മാധ്യസ്ഥം അപേക്ഷിച്ച് മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുക.

**വചനം**

നഥാനിയേൽ തന്റെ അടുത്തേക്ക് വരുന്നത് കണ്ട് യേശു അവനെപ്പറ്റി പറഞ്ഞു: ഇതാ കാപട്യം ഇല്ലാത്ത ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ. - യോഹന്നാൻ 2:47.

**സുകൃതജപം**

ഈശോയുടെ അമ്മേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**അനുസ്മരിക്കുന്ന തിരുനാൾ**

വിശുദ്ധ ഡൊമിനിക് സാവിയോ - മെയ് 6.

# ബൈബിൾ അപ്പസ്തോലേറ്റ്

**ബൈബിൾ വായനയും എഴുത്തും നിങ്ങൾ തുടരുന്നുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു.**

## വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷം പഠിക്കാം

തുടർച്ച ...

**8:4 – ഗുരോ:** ആദരവോടെയല്ല, ഗൂഢലക്ഷ്യത്തോടെയാണ് യേശുവിനെ ഗുരോ എന്ന് അഭിസംബോധന ചെയ്യുന്നത്.

**8:5** - വ്യഭിചാരം ചെയ്ത പുരുഷനും സ്ത്രീക്കും മരണശിക്ഷ നൽകണമെന്ന് എഴുതപ്പെട്ടിട്ടുണ്ട് എങ്കിലും (ലേവ്യർ 20:10, നിയമ 22:22) ഇവിടെ സ്ത്രീയെ മാത്രമാണ് വിചാരണയ്ക്കായി കൊണ്ടുവരുന്നത്. അവശ്യം വേണ്ട രണ്ടു സാക്ഷികളും ഇവിടെ ഇല്ലെന്നത് ശ്രദ്ധേയമാണ്. യേശുവിനെ കെണിയിൽ വീഴിക്കുകയാണ്, അവിടുന്ന് എപ്രകാരം നിയമം വ്യാഖ്യാനിക്കുമെന്ന് അറിയുകയല്ല നിയമരുടെ ലക്ഷ്യം.

**8:6 – അവനെ പരീക്ഷിച്ചുകൊണ്ട്:** ഫരിസേയർ യേശുവിൽനിന്ന് നിയമോപദേശം അഭ്യർത്ഥിക്കുകയല്ല, യേശുവിനെ അപകീർത്തിപ്പെടുത്താനും അവിടുത്തെമേൽ കുറ്റം ആരോപിക്കാനുമുള്ള ഒരു കെണി ഒരുക്കുകയാണ് ചെയ്യുന്നത്. കല്ലെറിഞ്ഞു കൊല്ലാൻ യേശു കൽപ്പിച്ചാൽ റോമായുടെ അധികാരത്തിന് എതിരായ കുറ്റമാകും; കല്ലെറിയുന്നതിനോട് വിയോജിക്കുകയാണെങ്കിൽ മോശയുടെ നിയമത്തെ നിഷേധിക്കുന്ന വ്യാജ മിശിഹാ ആയിത്തീരും.

**8:11 – ഇനിമേൽ പാപം ചെയ്യരുത്:** പാപിനിയായ സ്ത്രീയെ യേശു ഇവിടെ വിധിക്കുന്നില്ല. അവിടുന്ന് അവളുടെ ഭൂതകാല പാപങ്ങൾക്ക് നൽകുന്ന മാപ്പ് അവൾക്ക് നിർമ്മലമായ ഭാവി ജീവിതം നയിക്കാനുള്ള അടിത്തറയായി മാറുന്നു.

**8:14 – എന്റെ സാക്ഷ്യം സത്യമാണ്:** യേശു പിതാവിൽനിന്ന് വരുന്നു എന്നും അതുകൊണ്ടുതന്നെ തന്റെ ദൗത്യം ദൈവീകമാണെന്നും ഇവിടെ ഊന്നി പറയുന്നു. **എവിടേക്ക് പോകുന്നു എന്നും:** പോകുക (ഹ്യുപാഗോ) എന്ന ക്രിയാ പദം ഈ സുവിശേഷത്തിൽ മരണ ഉത്ഥാന മഹത്വീകരണങ്ങളിലൂടെ യേശു ഈ ലോകത്തിൽ നിന്ന് യാത്രയാകുന്നതിനെ സൂചിപ്പിക്കുന്നു (7:33, 8:21, 13:3, 33, 36, 14:28, 16:5, 10)

**8:17 – രണ്ടുപേരുടെ സാക്ഷ്യം:** യഹൂദ നിയമമനുസരിച്ച് ഒരു കാര്യം സത്യമാകണമെങ്കിൽ രണ്ടോ മൂന്നോ സാക്ഷികളുടെ മൊഴി ആവശ്യമാണ് (നിയമ 17:6, 19:15)

**8:19 – എന്നെ അറിഞ്ഞിരുന്നെങ്കിൽ:** യേശുവിനെ അറിയുക എന്നത് ദൈവത്തെ അറിയുകയാണ് എന്നതാണ് യോഹന്നാന്റെ ക്രിസ്തു വിജ്ഞാനിയത്തിന്റെയും ദൈവ ദർശനത്തിന്റെയും താക്കോൽ (14:6, 7). (യോഹ 10:34).

**8:20 – ഭണ്ടാരസ്ഥലത്ത്:** ദേവാലയ ഭണ്ഡാരം സ്ത്രീകൾക്കുള്ള അങ്കണത്തിൽ ആയിരുന്നു. ഇവിടെ തന്നെയായിരുന്നു കൂടാരത്തിതിരുനാളിൽ ദീപസ്തംഭങ്ങൾക്ക് ചുറ്റും യഹൂദർ നൃത്തം ചെയ്തിരുന്നത്.

**8:21 – പാപത്തിൽ:** യോഹന്നാന്റെ കാഴ്ചപ്പാടിൽ പ്രകാശമായ യേശുവിന്റെ വെളിപാടിനെ തിരസ്കരിക്കുന്നതും യേശുവിൽ വിശ്വസിക്കാതിരിക്കുന്നതുമാണ് പാപം. (യോഹന്നാൻ 1:29, 19:11)

**8:24 – നിങ്ങളുടെ പാപങ്ങളിൽ മരിക്കും:** മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റുന്ന അന്തിമമായ ആത്മീയ മരണമാണ് ഇവിടെ സൂചിതം. **ഞാൻ ആകുന്നു:** കത്തിജ്വലിക്കുന്ന മുൾപടർപ്പിൽനിന്ന് ദൈവം മോശയ്ക്ക് ഞാൻ ഞാൻതന്നെ എന്ന് വെളിപ്പെടുത്തിയതിനെ ഓർമ്മപ്പെടുത്തുന്ന ഈ വാക്യം യേശു ദൈവമാണെന്ന് അറിയുന്നതിനും അവനിൽ വിശ്വസിക്കുന്നതിനുമുള്ള ശക്തമായ ആഹ്വാനമാണ് (ഏശയ്യ 43:10) (യോഹന്നാൻ 6:20)

**8:32 – സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും:** സത്യത്തിന് മൂർത്തരൂപം നൽകാനും (14:6) സാക്ഷ്യം വഹിക്കാനും ആണ് (18:37) യേശു ഭൂമിയിൽ ആഗതനായത്. സ്വാതന്ത്ര്യത്തെ കുറിച്ച് പറയുമ്പോൾ പുറപ്പാടിന്റെ പുനർ വ്യാഖ്യാനമാണ് ഇവിടെ യേശു നടത്തുന്നത്. യേശുവിനെ സ്വീകരിക്കുമ്പോൾ അജ്ഞതയിൽനിന്നും സാത്താന്റെ വഞ്ചനയിൽനിന്നും പാപത്തിന്റെ അടിമത്തത്തിൽനിന്നും നാം സ്വതന്ത്രരാകുന്നു. (8:12).

**8:35 – അടിമ ... പുത്രൻ:** ആറു വർഷങ്ങൾക്കുശേഷം അടിമയ്ക്ക് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥ നിലനിന്നിരുന്നതിനാൽ (പുറപ്പാട് 21:2, നിയമാ 15:12) പുത്രൻ മാത്രമേ എക്കാലവും ഭവനത്തിൽ വസിക്കാൻ അർഹനായിരുന്നുള്ളു എന്നു പറയാം. ഇസ്മായിലിന്റെയും സൂചനകൾ ഇവിടെയുണ്ട് (ഉല്പത്തി 16:21). യേശുവിൽ വിശ്വസിച്ചു ദൈവമക്കളായി മാറിയില്ലെങ്കിൽ (യോഹ 1:12) ഇസ്മായേലിനു സംഭവിച്ചതുപോലെ അബ്രാഹത്തിന്റെ സന്തതികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട അനുഗ്രഹങ്ങളിൽനിന്ന് അവർ നിഷ്കാസിതരാകും. (ഗലാ 4:21–31)

**8:41 – ജാരസന്തതികൾ അല്ല:** പഴയനിയമത്തിൽ വ്യഭിചാരം വിഗ്രഹാരാധനയുടെ പ്രതീകമാണ് (ഹോസിയ 1:2, 2:4–5) ജാരസന്തതികൾ അല്ല എന്ന് പറയുമ്പോൾ തങ്ങളും യഥാർത്ഥ ദൈവത്തെ ആരാധിക്കുന്നവരാണെന്ന് അവർ അവകാശപ്പെടുന്നു.

**8:49 – അപമാനിക്കുന്നു:** പുരാതന സമൂഹങ്ങളിൽ ദൂതനെ അപമാനിക്കുന്നത് അയച്ച വ്യക്തിയെ അപമാനിക്കുന്നതിന് തുല്യമായിരുന്നു. യേശുവിനെ അപമാനിക്കുന്നത് ദൈവത്തെ അപമാനിക്കുന്നതിന് തുല്യം എന്നർത്ഥം.

**8:56 – അബ്രഹാം ആനന്ദിച്ചു:** ഭാവിയെ കുറിച്ചുള്ള മുന്നറിയിപ്പ് അബ്രാഹത്തിന് ദൈവം നൽകിയിരുന്നെന്ന യഹൂദ പാരമ്പര്യം

അടിസ്ഥാനമാക്കി, യേശു വരുമെന്ന് അറിഞ്ഞ അദ്ദേഹം അതിൽ സന്തോഷിച്ചുവെന്ന് ഇവിടെ അർത്ഥമാക്കുന്നു.

**8:58 – ഞാൻ ആകുന്നു**: ഞാൻ ഞാൻ തന്നെ എന്ന ദൈവനാമം (പുറപ്പാട് 3:14) യേശു തനിക്കായി ഉപയോഗിക്കുകയും ദൈവവുമായി നിത്യതയിൽ തനിക്കുള്ള ഐക്യം അവകാശപ്പെടുകയും ചെയ്യുന്നു (യോഹ 10:30). യേശുവിന്റെ ഈ അവകാശവാദം ഹരിസേയർ കൃത്യമായി ഗ്രഹിക്കുകയും അതിനെ ദൈവദൂഷണമായി കണ്ട് അവിടുത്തെ കല്ലെറിയാൻ ഒരുങ്ങുകയും ചെയ്യുന്നു (യോഹ 8:59, ലേവ്യർ 24:16).

**9:6 – തുപ്പൽ കൊണ്ട് ചേളി ഉണ്ടാക്കി**: ആദിയിൽ മനുഷ്യനെ സൃഷ്ടിക്കുന്നതുമായി (ഉല്പത്തി 2:7) ചിലർ ഇതിനെ ബന്ധിപ്പിക്കുന്നു. തുപ്പൽ രോഗശാന്തിക്ക് കഴിവുള്ളതാണെന്ന് ചിന്തയും അന്നാളുകളിൽ പ്രചരിച്ചിരുന്നു.

**9:7 –** നീ പോയി കുളത്തിൽ കഴുകുക: (2 രാജാ 5:10-14) **സീലോഹ കുളം**: പുരാതന ജെറുസലേമിന്റെ തെക്കുഭാഗത്ത് സ്ഥിതി ചെയ്തിരുന്നതും കല്ലിൽ കൊത്തി നിർമ്മിക്കപ്പെട്ടതുമായ ഒരു ജലസംഭരണി. ജെറുസലേം നഗരത്തിൽ വെള്ളം ലഭ്യമാക്കുവാൻ ഹെസെക്കിയാ രാജാവ് പണിയിപ്പിച്ചത് ആയിരുന്നു ഇത് (2 രാജാ 20: 20, 2 ദിന 32:30). അയക്കപ്പെട്ടവൻ എന്ന് അർത്ഥമാക്കുന്ന സീലോഹാ പിതാവിനാൽ അയക്കപ്പെട്ട (9:4, 12:44) യേശുവിന്റെ പ്രതീകമാണ്. അയക്കപ്പെട്ടവനായ യേശുവിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കുക എന്നതാണ് ഇവിടെ പ്രതീകാത്മകമായ അർത്ഥം.

**9:19 – നിങ്ങളുടെ മകൻ ഇവനാണോ?**: ജനനം മുതലേ അന്ധനായിരുന്നില്ലെന്ന് സ്ഥാപിക്കാൻ കഴിഞ്ഞാൽ അധികാരികൾക്ക് ഈ കേസ് തള്ളിക്കളയാൻ കഴിയുമെന്നതിനാലാണ് മാതാപിതാക്കളെ ചോദ്യം ചെയ്യുന്നത്. സുഖം പ്രാപിച്ച മനുഷ്യന്റെ മാതാപിതാക്കളുടെ സാക്ഷ്യമാണ് എല്ലാറ്റിലും വിശ്വാസയോഗ്യമായത്.

**9:22 – യഹൂദരെ ഭയംനിട്ട്**: യേശുവിനെക്കുറിച്ച് നിശബ്ദത പാലിക്കാൻ കാരണം യഹൂദരോടുള്ള ഭയം ആണെന്ന് സുവിശേഷകൻ ആവർത്തിക്കുന്നുണ്ട് (7:13, 19:38, 20:19). **ഏറ്റുപറയുക**: യേശു ക്രിസ്തുവാണ് എന്ന് വിശ്വസിക്കുകയും ആ വിശ്വാസം മറ്റുള്ളവരുടെ മുന്നിൽ പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്നതിന് ഏറ്റു പറയുക

(ഹോമൊളോഗെയോ) എന്ന പദം അർത്ഥമാക്കുന്നു. **സിനഗോഗില് നിന്നും പുറത്താക്കുക:** യേശുവിനെ ക്രിസ്തുവെന്ന് ആരെങ്കിലും പരസ്യമായി ഏറ്റുപറഞ്ഞാൽ അവരെ സിനഗോഗിൽനിന്ന് പുറത്താക്കുന്ന പതിവ് തുടങ്ങുന്നത് എ.ഡി. 80 കളിലാണ്. ആദിമസഭയിലെ പ്രേഷിത പ്രവർത്തനങ്ങൾ നേരിടേണ്ടിവന്ന എതിർപ്പുകളെയാണ് സുവിശേഷകൻ ഇവിടെ സൂചിപ്പിക്കുന്നത്.

**9:28 – ശകാരിച്ചു:** ലോയ്ദോറെയോ എന്ന പദം സുവിശേഷങ്ങളിൽ ഇവിടെ മാത്രമാണ് ഉള്ളത്. വെറും ശകാരമെന്നതിലുപരി പുതിയ നിയമ ഗ്രന്ഥങ്ങളിൽ ഇത് വലിയ അധിക്ഷേപവും (അപ്പസ്തോ 23:4) മതമർദ്ദന സാഹചര്യങ്ങളും (1 കോറി 4:12, 1 പത്രോ 2:23) സൂചിപ്പിക്കുന്നതാണ്.

**9:31 – പ്രാർത്ഥന ദൈവം കേൾക്കുന്നു:** ദൈവം പാപികളുടെ പ്രാർത്ഥന കേൾക്കുകയില്ലെന്ന യഹൂദ വിശ്വാസം (ജോബ് 35:13, സങ്കീ 66:18, ഏശയ്യ 1:15) ഹരിസേയർക്കെതിരെയുള്ള വാദമായി അന്ധൻ പ്രയോഗിക്കുന്നു. യേശുവിന്റെ പ്രാർത്ഥന ദൈവം കേട്ടതിനാലാണ് അന്ധന് കാഴ്ച ലഭിച്ചതെന്ന് ചൂണ്ടിക്കാട്ടി യേശു പാപിയാണെന്ന ഹരിസേയറുടെ വാദം ഖണ്ഡിക്കുന്ന അന്ധനെ നാമിവിടെ കാണുന്നു.

**9:38 – പ്രണാമിച്ചു:** പ്രോസ്ക്യുനെയോ എന്ന ഗ്രീക്കുപദം ഈ സുവിശേഷത്തിൽ ദൈവാരാധനയെ സൂചിപ്പിക്കുന്നു (4:20–24, 12:20) ആ മനുഷ്യൻ യേശുവിനെ ദൈവമായി തിരിച്ചറിഞ്ഞ് പ്രണമിച്ച് ആരാധിക്കുന്നു.

**9:39 – കാഴ്ചയുള്ളവരും ... കാഴ്ചയില്ലാത്തവരും:** കാഴ്ചയും അന്ധതയും ശാരീരികമായ അവസ്ഥയല്ല, ദൈവം യേശുവിൽ വെളിപ്പെടുത്തുന്നതിനോടുള്ള തുറവിനെ അടിസ്ഥാനമാക്കിയുള്ള ആത്മീയ അവസ്ഥയാണ്.

തുടരും ...

**Fr. Joseph Mattam**
Director
Apostolates of Bible & Catechesis

# St. Vincent De Paul Society

### Electric wheel Chair

An electric wheel chair was given to Mrs Simi Thomas, Padav @ Rs 49000 under the leadership and initiative of St Mary's Conference Arla.“ Mrs Simi is the widow of Shobith Umminil with no kids and physically handicapped unable to walk. Her husband died last year due to some disease. She is basically from Kerala.Now she is living with her in laws under pressure. She doesn't have necessary personal documents and not getting any support also from the in laws' family. It was this pathetic condition that necessitated the intervention of Arla Conference. Apart from this wheel chair she deserves and needs some more helps for a hassle free life. For that we need to mobilize some resources. We need prayer support of all for this intention. ““This wheel chair was made possible by the generous contribution of many like Daniel Prayer Group,A R S Engineering Bangalore, Udane area council, St Mary's Conference Guthigar, Mr Biju Puthumana, Mr Sebastian Valiaparambil and many more. Actual price of this equipment is much more. But by the efforts and influence we could get it for Rs 49000. Congratulations to all who worked tirelessly behind this great humanitarian act.

**Bro. Binoy Mevada**
President
St.Vincent De Paul Society

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ. ದಿನಾಂಕ 12.04.2025 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಮಾಸಿಕ ಬೆಂಬಲ ಸಭೆಯನ್ನು ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು. ಮುಖ್ಯ ಅತಿಥಿಯಾಗಿ ಸಿರಿಯನ್ ಕ್ಯಾಥೋಲಿಕ್ ಕೋ-ಓಪರೇಟಿವ್ ಸೊಸೈಟಿ ಬೆಳ್ತಂಗಡಿ ಇದರ ಮ್ಯಾನೇಜರ್ ಶ್ರೀಮತಿ ರೇಷ್ಮಾ ಅಬ್ರಹಾಂ ಆಗಮಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ.ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಲಾಯಿತು. ಈ ತಿಂಗಳಿನಲ್ಲಿ ಒಟ್ಟು ರೂ. 2,000 /– ಈ ಯೋಜನೆಗೆ ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಯೋಜನೆಯುನ್ನು ಅನುಷ್ಟಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ-ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತದೆ.

ದಿನಾಂಕ 05.04.2025 ರಂದು ಇಚಿಲಂಪಾಡಿ ಅಲ್ಫೋನ್ಸ, ಸ್ವ-ಸಂಘಕ್ಕೆ ಸಮೃದ್ಧಿ ಯೋಜನೆಯಿಂದ ಕಿರು ಉದ್ದಿಮೆ ಸಾಲ ಪಡೆದ ಫಲಾನುಭವಿಗಳ ಮನೆಯನ್ನು ಯೋಜನಾ ಸಂಯೋಜಕಿ ಕು. ಶ್ರೇಯಾರವರು ಭೇಟಿ ನೀಡಿದರು.

ದಿನಾಂಕ 08.04.2025 ರಂದು ಕೊಕ್ಕಡ ಶಾಂತಿ ಮತ್ತು ಅಡ್ಡಹೊಳೆ ಜ್ಞಾನ ದೀಪ ಸ್ವ-ಸಂಘಕ್ಕೆ ಯೋಜನಾ ಸಂಯೋಜಕಿ ಕು. ಶ್ರೇಯಾರವರು ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ತರಭೇತಿ ನೀಡಿದರು.

ಸಾಲ ಪಡೆದುಕೊಂಡ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ. 955202/– ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 109 ಮಹಿಳಾ ಸ್ವ-ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,156 ಮಂದಿ ಸದಸ್ಯರು ಸ್ವ-ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 02.04.2025 ರಂದು ಉದಯ ಮಹಾಸಂಘದ ಗಂಡಿಬಾಗಿಲು ಇದರ ಸದಸ್ಯರಿಗೆ ಮಾಧ್ಯಮ ಶಿಕ್ಷಣ ಬಗ್ಗೆ  ಸಂಯೋಜಕರಾದ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ದೇವಗಿರಿಯಲ್ಲಿ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 35 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 08.04.2025 ಮತ್ತು 09.04.2025 ರಂದು ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆಯ ಪುನರ್ ಮನನ ಸಭೆಯನ್ನು ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರಿನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಯೋಜನಾ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊ, ಕಾರ್ಯಕರ್ತರಾದ ಶ್ರೀ ಮಾರ್ಕ್ ಡಿ ಸೋಜ ಮತ್ತು ಶ್ರೀ ಜೋನ್ಸನ್‌ರವರು ಭಾಗವಹಿಸಿ ಜನವರಿಯಿಂದ ಮಾರ್ಚ್‌ವರೆಗಿನ ಕೆಲಸ ಕಾರ್ಯಗಳ ವರದಿಯನ್ನು ಮಂಡಿಸಿದ್ದಾರೆ.

ಸಂವಹನ ಮತ್ತು ಪರಿಣಾಮಕಾರಿ ಆಲಿಸುವಿಕೆ ಬಗ್ಗೆ ದಿನಾಂಕ 11.04.2025 ರಂದು ಜೀವಜ್ಯೋತಿ ಮಹಾಸಂಘ ಕುಟ್ರುಪ್ಪಾಡಿ, 21.04.2025 ರಂದು ಅರುಣೋದಯ ಮಹಾಸಂಘ ಬೆಳ್ತಂಗಡಿ, 23.04.2025 ರಂದು ಭಾಗ್ಯೋದಯ ಮಹಾಸಂಘ ನೆಟ್ಟಣ ಇದರ ಸದಸ್ಯರಿಗೆ  ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 90 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 22.04.2025 ರಂದು ಕುಟ್ರುಪ್ಪಾಡಿ ಕ್ಷೇತ್ರಗಳ ಸಂಘಗಳ ಮಹಾಸಭೆಯನ್ನು ಕುಟ್ರುಪಾಡಿ ಚರ್ಚ್ ಹಾಲ್‌ನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಯೋಜನಾ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ಸಂಘ ಮಹಾಸಂಘಗಳ ಬಲವರ್ಧನೆ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 35 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 22.04.2025 ರಂದು ಸ್ಥಳೀಯ ಸಂಪನ್ಮೂಲ ಕ್ರೋಢೀಕರಣ ಬಗ್ಗೆ ಅಡ್ಡಹೊಳೆ ಸಂಘಗಳ ಸದಸ್ಯರಿಗೆ ಶ್ರೀಮತಿ ತೇಜಾವತಿಯವರು ಹಾಗೂ ಮುಂಡಾಜೆ ಸಂಘಗಳ ಸದಸ್ಯರಿಗೆ ಶ್ರೀ ಜೋನ್ಸನ್‌ರವರು ಮಾಹಿತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 70 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

**ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 25.03.2025 ರಂದು ಬೈಂದೂರು ವ್ಯಾಪ್ತಿಯ ಇಬ್ಬರು ಕ್ಯಾನ್ಸರ್ ಕ್ಯಾನ್ಸರ್ ರೋಗಿಗಳಿಗೆ ತಲಾ ರೂ. 10,000 ದಂತೆ ಒಟ್ಟು ರೂ. 20,000 ಧನ ಸಹಾಯ ವಿತರಿಸಲಾಗಿದೆ.

ದಿನಾಂಕ 31.3.2025 ರಂದು ಜಡ್ಕಲ್ ನಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗ ಹಾಗೂ ಆರೋಗ್ಯಕರ ಜೀವನಶೈಲಿಯ ಬಗ್ಗೆ ಕಾಯಕರ್ತೆ ಶ್ರೀಮತಿ ಪುಷ್ಪಲತಾರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್‌ಟು 8 ಮಂದಿ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 06.04.2025 ರಂದು ಕಲ್ಮಕ್ಕಿಯಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸರೋಜರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 9 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಲಾಗಿದ್ದು, ಇದುವರೆಗೆ ಇದುವರೆಗೆ ಒಟ್ಟು 243 ಮಂದಿ ಆರ್ಥಿಕ ಸಹಾಯ ನೀಡಿದ್ದಾರೆ. ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು 27,800/– ರೂ. ಧನಸಹಾಯ ಲಭಿಸಿರುತ್ತದೆ.

2025–26 ನೇ ಸಾಲಿನ ಸ್ಕೋಲರ್‌ಶಿಪ್ ಅರ್ಜಿಯನ್ನು ವಾಟ್ಸ್ಯಾಪ್ ಗ್ರೂಪ್ ಮೂಲಕವಾಗಿ ಈಗಾಗಲೇ ಕಳುಹಿಸಲಾಗಿದೆ. ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದವರಿಗೆ ಹಾಗೂ ಪ್ರಥಮ ವರ್ಷದ ಜಿಎನ್‌ಎಮ್, ಬಿಎಸ್‌ಸಿ ನರ್ಸಿಂಗ್, ಐಟಿಐ, ಪಾಲಿಟೆಕ್ನಿಕ್ ಮತ್ತು ಪ್ಯಾರಾಮೆಡಿಕಲ್ ಕೋರ್ಸ್‌ನ ವಿದ್ಯಾರ್ಥಿಳಿಗೆ ಮಾತ್ರ ಅರ್ಜಿಗಳನ್ನು ಸಲ್ಲಿಸಲು ಅವಕಾಶವಿರುತ್ತದೆ. ಭರ್ತಿ ಮಾಡಿದ ಅರ್ಜಿಗಳನ್ನು ಆಯಾ ಧರ್ಮಕೇಂದ್ರದ ಧರ್ಮಗುರುಗಳ ಶಿಫಾರಸ್ಸು ಪತ್ರದೊಂದಿಗೆ ರೆಜಿಸ್ಟರ್ಡ್ ಪೋಸ್ಟ್ ಅಥವಾ dkrdsvidyanidhi@gmail.com ಈ ಮೇಲ್ 31.10.2025 ರ ಒಳಗಾಗಿ ಕಳುಹಿಸಬಹುದು.

**ಇತರ ಕಾರ್ಯಕ್ರಮಗಳು:**

ದಿನಾಂಕ 14.04.2025 ರಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಬಿನೋಯಿ ಎ.ಜೆ, ಹಣಕಾಸು ಅಧಿಕಾರಿ ಶ್ರೀ ಬಾಬು ತೋಮಸ್ ಹಾಗೂ ಸಂಯೋಜಕ ಶ್ರೀ ಸುನಿಲ್ ಗೊನ್ಸಾಲ್ವಿಸ್‌ರವರು ಹೊಸ್ಕೋಟೆ, ಸಿದ್ದಾಪುರ ಹಾಗೂ ಹೆಗ್ಗಳ ವ್ಯಾಪ್ತಿಯ ಧರ್ಮಕೇಂದ್ರಗಳ ಕ್ರೆಡಿಟ್ ಯೂನಿಯನ್ ಪದಾಧಿಕಾರಿಗಳ ಜೊತೆ ಸಂವಾದ ಮಾಡಲಾಯಿತು. ಅಂತೆಯೇ ಸಿದ್ದಾಪುರ ಹಾಗೂ ಹೆಗ್ಗಳ ವ್ಯಾಪ್ತಿಯ ವೆರೋನಿಕಾ ಫಲಾನುಭವಿ ವಿದ್ಯಾರ್ಥಿಗಳ ಜೊತೆ ಸಭೆ ನಡೆಸಿ, ಸೂಕ್ತ ಸಲಹೆ ಸೂಚನೆಗಳನ್ನು ನೀಡಲಾಯಿತು.


**Fr. Varkey Malikayil**

Director, Social Service Department

# Condolences & Prayers To Pope Francis







# Condolences & Prayers To Pope Francis







# Condolences & Prayers To Pope Francis







**Belthanagdy : Priests with Bishop 09.04.2025**



**Belthanagdy : *Muron* Blessing 09.04.2025**



## Belthanagdy : Minor Orders
## 15.04.2025



## Belthanagdy : Altar Boys' Training
## 21.04.2025






09.04.2025

## Golden Jubilee Greetings to
## Dear Rev. Fr. Joseph Chathanattu
## Former Procurator, Diocese of Belthangady






Belthangady : Vocation Camp : 09.04.2025



## Newly Blessed Cemetery
## Nellyady 10.04.2025





## St. Vincent De Paul Society



Wheel Chair Donation @ Padavu

## Condolences

**Rev. Sr. Soosa Maria S.H.**

**SH, Province, Kannur**



**Services in the Diocese of Belthangady**

1. S.H. Convent, Heggala
2. S.H. Convent, Siddapura (Kodagu)
3. S.H. Convent, Udane

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ഏപ്രിൽ - 2025

08. രൂപതാ വൈദിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

09. രാവിലെ 06.30 ന് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട മൂറോൻ വെഞ്ചിരിപ്പിന് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് രൂപതാ വൈദിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ അജപാലന സമിതി സമ്മേളനത്തിന്റെയും, വൈദിക സമ്മേളനത്തിന്റെയും സംയുക്ത യോഗത്തിലും അധ്യക്ഷത വഹിച്ചു. രാവിലെ 11.30 ന് ജ്ഞാനനിലയത്തിൽ വച്ച് പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. ജോസഫ് ചാത്തനാട്ടച്ചന്റെ ജൂബിലി ആഘോഷത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം 5.30 ന് ശിർലാൽ സെന്റ് മേരീസ് ഇടവക ദേവാലയത്തിൽ അഡ്വ. ജെ. കെ. പോളിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 7.30 ന് ജ്ഞാനനിലയത്തിൽ രൂപതാ വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നടന്ന വൊക്കേഷൻ ക്യാമ്പിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

10. വൈകുന്നേരം 4.00 ന് നെല്ല്യാഡി ഇടവകയിൽ വി. ബലി അർപ്പിച്ച് പുതിയതായി നിർമ്മിച്ച സിമിത്തേരിയുടെ വെഞ്ചിരിപ്പ് നിർവ്വഹിച്ചു. വൈകുന്നേരം 7.30 ന് കൊക്കട സെന്റ് ഫ്രാൻസീസ് സ്കൂളിൽ നടന്ന കുട്ടികളുടെ അവധിക്കാല ക്യാമ്പിൽ ആശംസകളറിയിച്ചു.

11. രാവിലെ 11.00 ന് ധർമ്മസ്ഥള സെന്റ് ജോസഫ് ഫൊറോനാ ദേവാലയത്തിൽ ജോൺ മാളിയേക്കലച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി മേരിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 6.00 ന് ജ്ഞാനനിലയത്തിൽ വച്ച് രൂപതാ സെമിനാരിയിലേയ്ക്കുള്ള പുതിയ അർത്ഥികളുമായും അഭിമുഖം നടത്തി.

12. രാവിലെ 08.30 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

13. രാവിലെ 08.00 ന് കത്തീഡ്രൽ ദേവാലയത്തിൽ ഓശാന ഞായർ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

14. വൈകുന്നേരം 06.00 ന് രൂപതാ കേന്ദ്രത്തിൽ വച്ച് ഈ വർഷം കാറോയപട്ടം, ഹെവുപ്പദ്യാക്ക്ന പട്ടം, ഡീക്കൻ പട്ടം എന്നി പട്ടങ്ങൾ സ്വീകരിക്കാൻ പോകുന്ന ബഹു. ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി. വൈകുന്നേരം 7.00 ന് കെ.ആർ. സി.ബി.സി. യോഗത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

15. രാവിലെ 07.30 ന് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് മൂന്നാം വർഷ വൈദിക വിദ്യാർത്ഥികൾക്ക് ഡീക്കൻ പട്ടം നൽകൽ കർമ്മത്തിലും, രണ്ടാം വർഷ വൈദിക വിദ്യാർത്ഥിക്ക് ഹെവുപ്പദ്യാക്ക്ന പട്ടം നൽകൽ കർമ്മത്തിലും, ഒന്നാം വർഷ വൈദിക വിദ്യാർത്ഥിക്ക് കാറോയ പട്ടം നൽകൽ കർമ്മത്തിലും, ഈ വർഷം റീജൻസി പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികളുടെ വൈദിക വസ്ത്രം സ്വീകരണത്തിലും മുഖ്യ കാർമ്മികത്വം വഹിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

17-20. കത്തീഡ്രൽ ദേവാലയത്തിൽ വലിയ ആഴ്ചയുടെ തിരുകർമ്മങ്ങൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.

21. രാവിലെ 10.00 ന് ജ്ഞാനനിലയത്തിൽ വച്ച് അൽത്താര ബാലന്മാരുടെ ക്യമ്പിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

22. പരിശുദ്ധ പിതാവ് മാർ ഫ്രാൻസീസ് പാപ്പയുടെ വിയോഗത്തോടനുബന്ധിച്ച് രാവിലെ 6.45 ന് ബെൽത്തംഗഡി കത്തീഡ്രൽ ദേവാലയത്തിൽവച്ച് വി. ബലി അർപ്പിച്ച് അനുശോചന സന്ദേശം നൽകുകയും ചെയ്തു.

23. വൈകുന്നേരം 03.30 ന് ഗണ്ടിബാഗ് സെന്റ് തോമസ് ദേവാലയത്തിൽ വർഗ്ഗീസ് പുതിയേടത്തച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി അന്നമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

24. രാവിലെ 10.00 ന് ഗണ്ടിബാഗ് സെന്റ് തോമസ് ദേവാലയത്തിൽ രൂപതാ മതബോധനാ കേന്ദ്ര കമ്മിറ്റി അംഗമായ ശ്രീ. വർഗ്ഗീസ് കഴുതാടി സാറിന്റെ മകന്റെ വിവാഹം ആശിർവദിക്കുകയും, വി. ബലി അർപ്പിച്ച്, സന്ദേശം നല്ക്കുകയും ചെയ്തു. വൈകുന്നേരം ജ്ഞാനനിലയത്തിൽ വച്ച് നടന്ന വി. ഗീവർഗ്ഗീസിന്റെ തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

26. വൈകുന്നേരം 3.30 ന് ബെൽത്തംഗഡി ഇടവകയിൽ ബഹു. ആകാശ് അരയാണ്ടയിൽ അച്ചന്റെ സഹോദരൻ ശ്രീ. അഭിലാഷിന്റെ വിവാഹം ആശിർവദിക്കുകയും, വി. ബലി അർപ്പിച്ച്, സന്ദേശം നല്കുകയും ചെയ്തു.

27. രാവിലെ 8.30 ന് സിദ്ദാപ്പുര ഇടവകയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും രൂപതയ്ക്ക് വേണ്ടി പഠിക്കുന്ന മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ പങ്കു ചേരുകയും, അതോടൊപ്പം രൂപതയിലെ എല്ലാ മേജർ സെമിനാരിക്കാരുമായി കൂടികാഴ്ച്ച നടത്തുകയും ചെയ്തു.

29. രാവിലെ 11.00 ന് ബെൽത്തംഗഡിയിൽ വച്ചു നടത്തപ്പെട്ട ഡി. കെ. ആർ. ഡി. എസ്-ന്റെ ജനറൽ ബോഡി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകി.

30 ഫാമിലി അപ്പൊസ്റ്റലേറ്റ് സംഘടിപ്പിച്ച കേശദാനം പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.



## BISHOP'S ENGAGEMENTS

## MAY - 2025

| | | |
|---|---|---|
| 01. | Morning | : Gandibag |
| | Evening | |
| | Belthangady | : Jnananilaya |
| 03. | Hoskotte | |
| 04. | Hoskotte | |
| 06. | Addahole | |
| 07. | Belthangady | : Jnananilaya |
| 08. | Puttur | |
| 09. | Belthangady | : Jyothi Hospital |
| 10. | Morning | : Jnananilaya |
| | Evening | : Mangalore |
| 11. | Morning | : Ujire |
| | Evening | : Udane |
| 12. | Mangalore | |
| 17. | Sullia | |
| 18. | Belthangady | : Jnananilaya |
| 19 | Engaged | |
| 20. | Belthangady | : Jnananilaya |
| 21. | Engaged | |
| 22-24 | Belthangady | : Jnananilaya |
| 25. | Belthangady | : Cathedral Church |
| 27. | Belthangady | : Jnananilaya |
| 29. | Guthigar | |
| 31. | Belthangady | : Jnananilaya |

Registered News Paper Monthly

**UDAYADEEPA BELTHANGADY**

REGISTERED NO.PTR/105/2024-2026

LICENSED TO POST WITHOUT PREPAYMENT

LICENSE NO. SK/WPP/PTR/219/2024-26

RNI No. KARMUL/ 2010/ 32217

**POSTED AT BELTHANGADY ON THE LAST DAY OF THE MONTH**

**ANNUAL SUBSCRIPTION RS. 140/- PER COPY RS.12/-**




Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256-233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256–236421, Email:rpujire@gmail.com.

Editor: Fr. Lawrence Poonolil, Chancellor, 9481039879